രാധാകൃഷ്ണൻ എം.ജി.

# ദംഷ്ട്രയും നെറ്റിക്കണ്ണും തെളിയുമ്പോൾ

അയോദ്ധ്യയിലെ ബാബ്റി മസ്ജിദ് തകർന്ന ഡിസംബർ ആറ് ഇന്ത്യാ ചരിത്രത്തിലെ അപൂർവ്വമായൊരു നാഴികക്കല്ലാണ്. മുമ്പും ഇവിടെ ആരാധനാലയങ്ങൾ തകർക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഡിസംബർ ആറിലെ ആരാധനാലയ ധ്വംസനം പോലെയൊന്ന് ഇന്ത്യാ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ല.

ഇന്ത്യയായി ഇന്നറിയുന്ന ഈ ഭൂമുഖത്ത് മുമ്പ് ഏറെത്തവണയും ആരാധനാ കേന്ദ്രങ്ങൾ തകർക്കപ്പെട്ടത് വൈദേശികനായ ഏതെങ്കിലും ആക്രമണകാരിയുടെ ഹിംസാത്മകമായ പടയോട്ടങ്ങൾക്കിടയിലായിരുന്നു. ശത്രുവിന്റെ സകലതും തരിപ്പണമാക്കാൻ വെമ്പുന്നവന് ശത്രു ഏറ്റവും പവിത്രമായി കരുതുന്നവ നശിപ്പിക്കുകയാണല്ലോ ഏറ്റവും ആനന്ദകരം. ആരാധനാലയങ്ങൾ എന്നും അളവില്ലാത്ത സമ്പത്തിന്റെ ഇരിപ്പിടങ്ങൾ ആയതും കൊള്ളയും കൊള്ളിവയ്പുമായി കടന്നുപോകുന്ന അക്രമികൾക്ക് ആകർഷണമായി.

എന്നാൽ, ഇന്ത്യയിൽ വിദേശികളായ അക്രമികൾക്ക് മാത്രമായിരുന്നില്ല ക്ഷേത്ര ധ്വംസനങ്ങൾ നടത്തിയ ചരിത്രമുള്ളത്. എണ്ണമറ്റ ബുദ്ധ–ജൈന ക്ഷേത്രങ്ങൾ തകർക്കുകയോ, സ്വന്തമാക്കുകയോ ചെയ്ത ഹിന്ദുക്കളുടെയും വൈഷ്ണവ–ശൈവപ്പോരുകളുടെയും ഒക്കെ ചരിത്രം സംസ്കാര ശൂന്യമായ വൈദേശിക മുസ്ലിം അക്രമിയെയും ഹിന്ദുമതത്തിന്റെ ഉദാരപൂർണ്ണമായ സഹിഷ്ണുതയെയും കുറിച്ചുള്ള ഊതിപ്പെരുപ്പിച്ച കഥകളുടെ പൊള്ളത്തരങ്ങൾ വെളിച്ചത്താക്കുന്നു. പക്ഷേ, ഈ ആരാധനാലയ ധ്വംസനങ്ങളും പഴയൊരു ഭൂതകാലത്തിന്റെ കഥകളാണ്. പരിഷ്കൃതമായ ആധുനിക സിവിൽ സമൂഹത്തിന്റെ രക്ഷാകവചങ്ങളൊന്നും ഇന്നത്തെപ്പോലെ കാര്യക്ഷമമായിരുന്നില്ല അന്ന്. നിയമവാഴ്ച, ഭരണഘടന, ക്രമസമാധാന പരിപാലനം, ഭരണവ്യവസ്ഥ എന്നിവയ്ക്കൊന്നും സമഗ്രവും സുസജ്ജവും വിപുലവുമായ സംവിധാനങ്ങൾ ഒന്നുമില്ലായിരുന്ന കാലഘട്ടമായിരുന്നു അത്. അതിലുപരി, വിശ്വാസം, മതം തുടങ്ങിയവയെയൊക്കെ സംബന്ധിച്ച് ഏറെക്കുറെ പ്രാകൃതവും ഗോത്രവിദ്വേഷാധിഷ്ഠിതവുമായ മൂല്യങ്ങൾ നെടുനായകത്വം വഹിച്ചിരുന്ന ആ വിദൂരകാലങ്ങളിൽ പരസ്പരം ആക്രമിക്കുന്നതും, അന്യന്റെ ആരാധനാലയങ്ങൾ നശിപ്പിക്കുന്നതുമൊന്നും അത്ര അസ്വാഭാവികവുമല്ല.


എന്നാൽ മേൽപ്പറഞ്ഞ അവസ്ഥയിൽ നിന്നൊക്കെ പരിഷ്കൃതമായ ആധുനിക കാലത്തും ആരാധനാകേന്ദ്രങ്ങളുടെ ധ്വംസനം നടന്നിട്ടുണ്ട്. പക്ഷേ, അവയൊക്കെ അപ്രതീക്ഷിതമായി പൊടുന്നനെ, പൊട്ടിപ്പുറപ്പെടുന്ന വർഗീയ ലഹളകളുടെ ഉൻമാദത്തിനിടയിൽ സംഭവിച്ചുപോയവയാണ്. താൽക്കാലികമായൊരു വികാരവിക്ഷോഭത്തിനിടയിൽ കാട്ടിക്കൂട്ടുന്ന ചെയ്തികൾ. സിവിൽ സമൂഹത്തിന്റെ രക്ഷാസംവിധാനങ്ങൾ ജാഗ്രത്തല്ലാത്ത നിമിഷങ്ങളിലാണവയൊക്കെ മിക്കപ്പോഴും നടന്നിട്ടുള്ളതും.

എന്നാൽ, ഇക്കഴിഞ്ഞ ഡിസംബർ ആറിലെ സംഭവങ്ങൾപോലെ ചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ല. നിയമവാഴ്ച, ഭരണഘടന, കോടതി, ഗവൺമെൻറ്, ക്രമസമാധാന പരിപാലന സംവിധാനം തുടങ്ങി ആധുനിക ജനാധിപത്യ വ്യവസ്ഥയുടെ സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ എല്ലാ സ്ഥാപനങ്ങളെയും പരിപൂർണ്ണമായി ധിക്കരിച്ചുകൊണ്ട്, ഒരു സംസ്ഥാനം ഭരിക്കുന്ന ഗവൺമെൻറിന്റെ ഒത്താശയോടെ, മുൻകൂട്ടി ആസൂത്രണം ചെയ്ത പദ്ധതിയനുസരിച്ച്, രാജ്യത്തെ അംഗീകൃതമായ ഏതാനും സംഘടനകൾ ചേർന്ന്, പരസ്യമായി നടത്തിയ അട്ടിമറിയായിരുന്നു അന്ന് നടന്നത്. കേന്ദ്രഗവൺമെൻറിനും അത്യുന്നത നീതിപീഠത്തിനും നൽകിയ ഉറപ്പുകൾ നഗ്നമായി ലംഘിച്ച്, ഒരു മതത്തിൽപ്പെട്ടവർ വസ്തുനിഷ്ഠമല്ലാത്ത ഒരു വിശ്വാസത്തിന്റെ മാത്രം പേരിൽ, സായുധരായി സംഘം ചേർന്ന് മറ്റൊരു മതത്തിന്റെ ആരാധനാലയം തകർത്ത ചരിത്രം മുമ്പുണ്ടായിട്ടില്ല. അതിലുപരി ആധുനിക ഇന്ത്യൻ സമൂഹവും ചരിത്രവും മഹത്തരമെന്ന് അംഗീകരിച്ച ചില സുപ്രധാന മൂല്യങ്ങളുടെ നേർക്ക് നടത്തിയ പരസ്യമായൊരു ആക്രമണം കൂടിയായിരുന്നു അത്. അന്യമതക്കാരനെ, പ്രത്യേകിച്ച് ന്യൂനപക്ഷത്തിൽപ്പെടുന്ന ഒരാളുടെ ആരാധനാ സ്വാതന്ത്ര്യം അംഗീകരിക്കുന്ന സഹിഷ്ണുത, സൗഹാർദ്ദം, മതനിരപേക്ഷത തുടങ്ങിയ ചില അടിസ്ഥാനമൂല്യങ്ങളുടെ നേർക്കുള്ള ആക്രമണം.

## സമൂഹത്തിന്റെ സമ്മതി

ഇന്ത്യാ ചരിത്രത്തിൽ 'ഡിസംബർ ആറിന് മുമ്പും പിമ്പും' എന്ന വിധത്തിലുള്ള വേർതിരിവ് സൃഷ്ടിക്കുന്ന തരത്തിൽ ബാബ്റി മസ്ജിദ് ധ്വംസനം അത്യപൂർവ്വമായ പ്രാധാന്യം ഉൾക്കൊള്ളുന്നത് ഇതുകൊണ്ടാണ്. അയോദ്ധ്യയിലെ മസ്ജിദ് തകർന്നതുപോലെ തന്നെ പ്രധാനമാണ് അതു നടക്കുന്നത് തടയുന്നതിൽ പരാജയപ്പെട്ടു എന്നതും. ഈ വീഴ്ചയിൽ, കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകൾ തീർച്ചയായും കുറ്റക്കാരാണ്. പക്ഷേ, മസ്ജിദ് ധ്വംസനം തടയുന്നതിൽ പരാജയപ്പെട്ട ഒരു പ്രധാന കുറ്റവാളി കൂടിയുണ്ട്—നാമെല്ലാവരും ഉൾപ്പെടുന്ന ഇന്ത്യൻ സമൂഹം. ഇന്ത്യൻ സമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റെ ബോധപൂർവ്വമല്ലെങ്കിൽ, ഉപബോധതലത്തിലെ പരോക്ഷമായ സമ്മതി ഡിസംബർ ആറിന് ഉണ്ടായിരുന്നു എന്നതിൽ സംശയിക്കാനില്ല. ആ സമ്മതി നൽകുന്ന വിധത്തിൽ ഇന്ത്യൻ സമൂഹം പാകപ്പെട്ടുകഴിഞ്ഞു എന്നർത്ഥം. ഗവൺമെൻറുകളുടെ കെടുകാര്യസ്ഥതയും തെറ്റായ ഒത്തുതീർപ്പുകളും ഒക്കെ പ്രത്യക്ഷതലത്തിൽ കാണുന്ന പിഴവുകളാണ്. പക്ഷേ, ഇതിനിടയിൽ സമൂഹത്തിന്റെ ഉപബോധതലത്തിൽ അനുകൂലമായൊരു മനോഭാവം രൂപപ്പെട്ടിരുന്നുവെന്നുതന്നെയാണ് ഡിസംബർ ആറ് യാഥാർത്ഥ്യമാക്കുന്നത്. അമ്പോ, പത്തോ വർഷംമുമ്പ് ഇങ്ങനെയൊരു കരാള സംഭവം നടക്കുമെന്ന് ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. അന്ന് നമ്മുടെ സമൂഹം ഇങ്ങനെ 'പാകപ്പെട്ടിരുന്നില്ലെ'ന്നതുതന്നെ കാരണം.

ഇതെങ്ങനെ സംഭവിച്ചു? ഇന്ത്യൻ സമൂഹം



ബാബ്റി പള്ളി

എങ്ങനെ ഇവ്വിധം 'പാകപ്പെട്ടു'? നമ്മുടെ സമൂഹത്തിൻെറ മൂല്യവ്യവസ്ഥയിൽ വർത്തമാനകാലത്ത് സംഭവിച്ചുകഴിഞ്ഞ ഒരു വലിയ പരിണാമത്തിൻെറ ഫലം തന്നെയാണിത്. ഇന്ത്യൻ സമൂഹത്തിൽ ഏറെക്കാലമായി നെടുനായകത്വം വഹിച്ചിരുന്ന മൂല്യങ്ങൾ ദുർബലമായിക്കഴിഞ്ഞതിൻെറ സാക്ഷ്യപാത്രമാണ് സമ്മതിയും തൽഫലമായ ഡിസംബർ ആറും. സഹിഷ്ണുതയുടെയും, അപരൻെറ വിശ്വാസങ്ങളെ ആദരിക്കുക എന്ന അംഗീകൃത മൂല്യത്തിൻെറയും തളർച്ചയിലെ ഏറ്റവും വലിയ പടവാണ് അയോദ്ധ്യ. ഇന്ത്യൻ സമൂഹത്തിൻെറ മൂല്യവ്യവസ്ഥയിൽ ഫാസിസവും, അസഹിഷ്ണുതയും, നെടുനായകത്വം നേടി കുടിപാർത്തുതുടങ്ങുന്നതിൻെറ വ്യക്തമായ തെളിവ്. ഒരർത്ഥത്തിൽ നാമെല്ലാവരും അല്ലെങ്കിൽ, ഭൂരിപക്ഷവും,



പുതു നാസി

ഫാസിസത്തിൻെറ കർസേവകരായിത്തുടങ്ങുന്നതിൻെറ ഭീതിദായകമായ പ്രതിഫലനം. തിരനോട്ടം നടത്തുന്ന സമഗ്രാധിപത്യത്തിന് പരവതാനി വിരിക്കുന്നതിന് സമൂഹം തയ്യാറെടുപ്പ് നടത്തുന്നതിൻെറയും കേളികൊട്ട്. ഏതെങ്കിലും ഒന്നോ രണ്ടോ വർഗ്ഗീയ സംഘടനകളുടെ കുത്സിത നീക്കങ്ങൾ മാത്രമാണ് അയോദ്ധ്യാ സംഭവങ്ങളുടെ സാക്ഷാത്കാരത്തിന് പിന്നിലെന്ന് വിശ്വസിക്കുന്നതിലെ അപകടം മനസ്സിലാക്കാൻ വൈകിയിരിക്കുന്നു.

## ആസുരമായ എഴുപതുകൾ

ഫാസിസത്തിൻെറ അസുരബീജങ്ങൾ ഇന്ത്യയിൽ മുമ്പുതന്നെ മുളപൊട്ടാനാരംഭിച്ചിരുന്നെങ്കിലും ഇക്കഴിഞ്ഞ ഡിസംബർ ആറിലേക്ക് വളർന്ന അതിൻെറ ഗതിവേഗത്തിൻെറ തുടക്കം 1970–കളുടെ മദ്ധ്യത്തോടെ തന്നെയായിരുന്നു. ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽ സമഗ്രാധിപത്യം നേരിട്ടുതന്നെ പ്രത്യക്ഷപ്പെട്ട ആഭ്യന്തര അടിയന്തരാവസ്ഥയുടെ കാലം. അടിയന്തരാവസ്ഥയെ ചെറുക്കാനെന്നമട്ടിൽ അക്കാലത്ത് ശക്തിയാർജ്ജിച്ച മതാധിഷ്ഠിത കക്ഷികളുടെയും സംഘടനകളുടെയും വളർച്ചയ്ക്ക് ജന്മം നൽകിയതും അടിയന്തരാവസ്ഥതന്നെയായിരുന്നല്ലോ. മഹാത്മാഗാന്ധിയുടെ വധത്തിന്നുശേഷം തല ഉയർത്താനാവാതെ കിടന്നിരുന്ന ഫാസിസ്റ്റ് സംഘടനകൾക്ക് അടിയന്തരാവസ്ഥ വളരാൻ പറ്റിയ മണ്ണ് ഒരുക്കിക്കൊടുത്തു.

ഭൗതിക സാഹചര്യങ്ങളില്ലാത്ത ഒരു ശൂന്യതയിലല്ല അടിയന്താവസ്ഥയുടെയും അതിൻെറ സർപ്പസന്തതികളുടെയും പിറവി. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ രാഷ്ട്രീയ വ്യവസ്ഥയും ദേശീയഗാത്രം തന്നെയും ഒന്നൊന്നായി നേരിട്ടുവന്ന പ്രതിസന്ധികൾ ഒറ്റപ്പെട്ട പച്ചത്തുരുത്തുകളായ അഭിപ്രായ സ്വാതന്ത്ര്യം തുടങ്ങിയ മൗലികാവകാശങ്ങളെയും കൂടി ഹനിക്കുന്ന അടിയന്തരാവസ്ഥയിൽ ചെന്ന് കലാശിക്കുകയാണുണ്ടായത്. ഭരണകൂടത്തിൽഅനിന്ന് ഏറിവന്ന ആക്രമണങ്ങൾ, ഒരുവശത്ത് വ്യാപകമായിവന്ന സാമ്പത്തിക ദാരിദ്ര്യം, മറുവശത്ത് ഒരു ചെറിയ ന്യൂനപക്ഷത്തിന് ഏറിവന്ന സമ്പത്ത്, അനുനിമിഷം വഷളായിവന്ന തൊഴിലില്ലായ്മ, സാമ്പത്തികവും സാമൂഹ്യവും ആയ ഉച്ചനീചത്വങ്ങൾ, രാഷ്ട്രീയ രംഗവും അധോലോകവും തമ്മിൽ ശക്തമായിവന്ന ബന്ധം, താഴ്ന്ന ജാതിക്കാർക്ക് നേരെ വ്യാപകമായ ആക്രമണങ്ങൾ, കള്ളപ്പണത്തിൻെറയും സമാന്തര സമ്പദ്‌വ്യവസ്ഥയുടെയും വിപുലമായ സ്വാധീനം, സമൂഹത്തിൽ ഏറിവന്ന ക്രിമിനലൈസേഷൻ തുടങ്ങിയവയൊക്കെ ദേശീയ ഗാത്രത്തിൽ സൃഷ്ടിച്ച വിള്ളലുകൾ വിടർന്നുവന്ന കാലമായിരുന്നു 1970–കൾ. ഈ വിള്ളലുകളിൽനിന്ന് പ്രാണവായു ഊറ്റിവിലസിക്കൊണ്ട് തന്നെയായിരുന്നു ഇരുളിൻെറ ശക്തികളുടെ വളർച്ച. അടിയന്തരാവസ്ഥയിലൂടെ തൻെറ ഫാസിസ്റ്റ് മുഖം വ്യക്തമാക്കിയ ഇന്ദിരാഗാന്ധി അക്കാലത്തു തന്നെയാണ് പ്രകമായിത്തന്നെ വർഗ്ഗീയതയുമായി തിരഞ്ഞെടുപ്പിനുംമറ്റും നീക്കുപോക്കുകൾ ഉണ്ടാക്കിത്തുടങ്ങിയത്.

നിലവിലുള്ള ഭരണവ്യവസ്ഥയ്ക്ക് രാജ്യത്തെ ഭൂരിപക്ഷം ജനതയുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ പോകുമ്പോഴാണ് എല്ലായ്പോഴും സമഗ്രാധിപത്യത്തിൻെറ ശക്തികൾക്ക് വളരാൻ സഹായകമാകുന്നത്. ഒരു സമ്പന്ന ന്യൂനപക്ഷത്തിൻെറ ആവശ്യങ്ങൾക്ക് മാത്രമായി ഭരണവ്യവസ്ഥയും സാമ്പത്തികനയങ്ങളുമൊക്കെ നിലകൊണ്ടപ്പോൾ ഭൂരിപക്ഷവും പട്ടിണിയാലും തൊഴിലില്ലായ്മയാലും അരക്ഷിതാവസ്ഥയാലും ഉഴറി. സാധാരണക്കാരൻ ജീവിതത്തിൽ പൂർണ്ണമായും അന്യവൽക്കരിക്കപ്പെടുകയും ചെയ്തു. ഫാസിസത്തിന് ഇതെന്നും ഉഴുതുമറിച്ച മണ്ണാണ്. ജനസാമാന്യം നേരിടുന്ന പ്രശ്നങ്ങൾക്ക് ഫാസിസം പുതിയ കാരണങ്ങളും പരിഹാരങ്ങളും ഉയർത്തിക്കാട്ടുന്നു. നിൻെറ ദുരിതങ്ങൾക്കെല്ലാം കാരണം നിൻെറ അയൽക്കാരനായ മറുനാട്ടുകാരനാണ്, അല്ലെങ്കിൽ മറ്റു മതക്കാരനോ, വംശജനോ ആണെന്നതാണ് എക്കാലത്തും ഫാസിസത്തിൻെറ പ്രചാരണം. ഈ പ്രചരണത്തിൽ കുടുങ്ങിപ്പോകുന്നവൻ തൻെറ ദുരിതങ്ങളിൽ നിന്നെങ്ങനെയും രക്ഷപ്പെടാനുള്ള പരക്കം പായുന്നു. അതിനാൽ തന്നെപ്പോലെതന്നെയുള്ള ദുരിതം അനുഭവിക്കുന്നവനാണ് മറുദേശക്കാരനോ, മറുമതക്കാരനോ ആയ തൻെറ അയൽക്കാരൻ എന്ന് മനസ്സിലാക്കാനുള്ള സാവകാശമില്ല. അദൃശ്യവും അഗാധവുമായ യഥാർത്ഥ കാരണങ്ങളെക്കാൾ തനിക്ക് പ്രത്യക്ഷത്തിൽ ചൂണ്ടിക്കാട്ടിത്തരുന്ന അയാഥാർത്ഥ കാരണങ്ങൾ വിശ്വസിച്ചുപോകുന്നത് സ്വാഭാവികം. ശല്യക്കാരനായ ''അവർ''ക്കെതിരെ ''നാം'' എന്ന കൂട്ടായ്മയോടൊത്ത് നിൽക്കാൻ അരക്ഷിതാവസ്ഥയുടെയും അന്യവൽക്കരണത്തിൻെറയും സ്വത്വനഷ്ടത്തിൻെറയും മരുഭൂമിയിലുഴറുന്നവർക്ക് ആവേശമേറും. ഈ ദുരിതത്തിൻെറ മരുഭൂമിയിൽ ഒന്നാംതരം മരീചികകളാകുന്നു, വംശവും മതവും ദേശവും ഒക്കെ നൽകുന്ന കൂട്ടായ്മയും സ്വത്വപ്രതീതിയും, സുരക്ഷിതത്വബോധവും മറ്റും. ജർമ്മനിയിൽ ജൂതർക്കെതിരെ നാസ്തികളും, ബോംബെയിൽ മുമ്പ് തെക്കേ ഇന്ത്യക്കാർക്കും ഇന്ന് മുസ്ലിങ്ങൾക്കുമെതിരെ ശിവസേനയും, ഇന്നത്തെ ജർമ്മനിയിൽ ഏഷ്യക്കാർക്കെതിരെ നവ നാത്സികളുമെല്ലാം പ്രയോഗിക്കുന്നത് ഒരേ ആയുധംതന്നെ.

ഫാസിസം എന്നും അധികാരമേറിയത് ഇതേ ആയുധത്തിൻെറ സഹായത്തിലൂടെയാണ്. സാമ്പത്തിക ദുരിതങ്ങളും തൊഴിലില്ലായ്മയും, പണപ്പെരുപ്പവും ശ്വാസംമുട്ടിക്കുന്ന കാലത്തുതന്നെയാണ് ജർമ്മനി. ഹിറ്റ്ലറെയും ഇറ്റലി മുസ്സോളിനിയെയും കണ്ടെത്തിയത്. തങ്ങളുടെ പ്രശ്നങ്ങൾക്കെല്ലാം പരിഹാരങ്ങളുമായി വരുന്ന അവതാരപുരുഷൻമാരായി ജനങ്ങൾ ഇവരെ കണ്ടു. യഥാർത്ഥ പരിഹാരങ്ങളൊന്നും കൈവശമില്ലാതിരുന്നതിനാൽത്തന്നെ വംശമഹിമയും ന്യൂനപക്ഷ വിരോധവും, ഊതിപ്പെരുപ്പിച്ച അതിദേശീയതയുമായി ഇവരുടെ ആയുധങ്ങൾ. ജർമ്മനിയുടെയും ഇറ്റലിയുടെയും അഭിമാനത്തിനേററ ആഘാതം ആയിരുന്നു ഇവരുടെ മറെറാരു ആയുധം. ഫാസിസ്ററുകൾക്ക് ജനതയുടെ വികാരപരമായ വിക്ഷോഭം എന്നും ആശ്യമാണ്. അന്തസ്സിനേറ്റ ആഘാതം സ്ഥിരം വിഷയമാകുന്നത് അങ്ങനെയാണ്. ഒന്നാംലോക മഹായുദ്ധത്തിനുശേഷം അനുസരിക്കേണ്ടിവന്ന ഒത്തുതീർപ്പുവ്യവസ്ഥകളാണ് (വേഴ്സായ് സന്ധി) ജർമ്മനിയുടെ അന്തസ്സിനേറ്റ അടിയായി ഹിറ്റ്ലർ ചിത്രീകരിച്ചത്. ബാബ്റി മസ്ജിദ് ഇന്ത്യയുടെ അന്തസ്സിനേറ്റ ആഘാതമായി ചിത്രീകരിക്കപ്പെടുന്നത് ഓർക്കുക.

ജർമ്മനിയുടെ ദുരിതങ്ങൾക്കെല്ലാം പ്രധാ

ന കാരണം ഉന്നതമായ ആര്യവംശമഹിമയെ തകിടംമറിക്കുന്ന ജൂതമതമാണെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് ഹിറ്റ്ലർ ജൂതരെയൊക്കെ കൊന്നൊടുക്കിയത്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള പ്രചാരണത്തിന് ഭൂരിപക്ഷ മത ഫാസിസ്റ്റുകൾക്ക് പ്രചോദനം നൽകുന്നതും ഈ ജൂതനിമ്മാർജ്ജനം തന്നെയാണെന്നതിന് തെളിവുകൾ ധാരാളം. ആർ.എസ്.എസ്സിൻെറ രണ്ടാം സർസംഘചാലക് ആയിരുന്ന മാധവ് സദാശിവ് ഗോൾവാൾക്കറുടെ വാക്യങ്ങൾ ശ്രദ്ധിക്കുക.

'ജർമ്മനിയിൽ ജൂതരെ ഒതുക്കിയ ഹിറ്റ്ലറിൻെറ നടപടികൾ ഹിന്ദുസ്ഥാനിൽ നാം കണ്ടുപഠിക്കേണ്ടതാണ്. ഹിന്ദുസ്ഥാനിലെ അഹിന്ദുക്കൾ ഹിന്ദുസംസ്കാരവും ഭാഷയും സ്വീകരിക്കണം. ഹിന്ദുരാഷ്ട്രത്തിൻെറ മഹിമ വാഴ്ത്തുകയല്ലാതെ മറ്റൊരു സങ്കല്പവും അവർക്കുണ്ടാകരുത്. ഹിന്ദു രാഷ്ട്രത്തിന് പരിപൂർണ്ണമായി കീഴടങ്ങേണ്ട അവർക്ക് പൗരാവകാശങ്ങൾ പോലും പാടില്ല' *

## തകിടംമറിയുന്ന മൂല്യങ്ങൾ

ഹൈന്ദവ മേധാവിത്വം സ്ഥാപിക്കുന്നതിനനുകൂലമായി ഇന്ത്യൻ സമൂഹത്തിൽ 'സമ്മതി രൂപപ്പെട്ടിരിക്കുകയാണെന്ന് ചൂണ്ടിക്കാട്ടിയല്ലോ. ഇന്ത്യൻ സമൂഹത്തിൽ നെടുനായകത്വം ഉണ്ടായിരുന്ന മൂല്യസങ്കല്പങ്ങളിൽ ഈയടുത്തകാലത്ത് ഉണ്ടായിക്കഴിഞ്ഞ നിർഭാഗ്യകരമായ പരിണാമത്തിൻെറ സൂചനയാണിത്. ഈ പരിണാമത്തിൻെറ സൂചനകൾ ദൈനംദിന ജീവിത വ്യാപാരങ്ങളിൽ തന്നെ പ്രകടമായിക്കഴിഞ്ഞു. സ്വന്തം മതമോ, ജാതിയോ, പരസ്യമായി പറഞ്ഞ് ഊറ്റം കൊള്ളുകയും മറ്റ് വിശ്വാസികളെ അക്കാര്യത്തിൽ അവഹേളിക്കുകയും ചെയ്യുന്നത് അടുത്തകാലംവരെ നമുക്ക് 'അമാന്യവും' സംസ്കാരശൂന്യവുമായ നടപടികളായിരുന്നു. ഇന്ന് സ്ഥിതി മാറിക്കഴിഞ്ഞു. എല്ലാ മൂടുപടവും നീക്കി നഗ്നമായ വർഗ്ഗീയതയും ജാതീയതയും ഒക്കെ നമ്മുടെ സ്വകാര്യ സംഭാഷണങ്ങളിലും പത്തിവിടർത്തിക്കഴിഞ്ഞു. മാന്യതയുടെ മറവുകൾക്ക് പ്രാധാന്യം നൽകിയിരുന്ന മദ്ധ്യവർഗ്ഗക്കാരുടെ ഡ്രോയിംഗ്റൂം ചർച്ചകളിലും ലേഖന-പ്രഭാഷണങ്ങളിലൊക്കെയും 'സ്യൂഡോ-സെക്കുലറിസം, ന്യൂനപക്ഷപ്രീണനം'' തുടങ്ങിയ കപട സൈദ്ധാന്തിക സംജ്ഞകളുടെ മുഖവുരയോടെ വർഗ്ഗീയത മാന്യതയുടെ പുറംചട്ടയിട്ട് അവതരിച്ചുകഴിഞ്ഞു. ഇതാണ് മൂല്യവ്യവസ്ഥയിലെ പരിണാമം. കടുത്ത വർഗ്ഗീയവാദിപോലും തൻെറ വർഗ്ഗീയത രഹസ്യമാക്കി വയ്ക്കുന്നത് അത് തിൻമയാണെന്ന് വിശ്വസിക്കുന്ന ഒരു മൂല്യവസ്ഥ അവനിലുള്ളതിനാലാണ്. പക്ഷേ, അഭിമാനത്തോടെ വർഗ്ഗീയത ഉദ്ഘോഷിക്കുന്നവൻെറ മൂല്യവ്യവസ്ഥയിൽപ്പോലും തിൻമ കുടിയിരിക്കുന്നു. ഇന്ന് വർഗ്ഗീയത ഉദ്ഘോഷിക്കുന്നവർ ഏറിവരുന്നത് ഇന്ത്യൻ സമൂഹത്തിൻെറ മൂല്യങ്ങൾ പരിണാമത്തിന് വിധേയമാന്നുകയാണെന്നതിൻെറ തെളിവാണ്.


കുറേക്കാലം മുമ്പുവരെ ജാതിപ്പേരുകൾ ഒഴിവാക്കുന്നതായിരുന്നു ഫാഷനെങ്കിൽ അടുത്തകുറെക്കാലമായി അത് ചേർക്കുന്നതാണല്ലോ ഫാഷൻ. ഒന്നര മാസം പ്രായമുള്ള സുധീഷ് മന്നാടിയാരെയും തൊട്ടിലിൽ കിടക്കുന്ന പ്രീതാ മേനോനെയും സഞ്ജയ് പിഷാരടിയെയും ഒക്കെ നാം കിൻറർ ഗാർട്ടനുകളിൽ സ്ഥിരം കണ്ടുമുട്ടാറില്ലേ? ഇതുതന്നെയാണ് മൂല്യങ്ങളുടെ മാറ്റത്തിൻെറ സൂചനകൾ.

ജാതിക്കും മതത്തിനും ഒക്കെ പ്രാധാന്യം നൽകുകയും ഇവയുടെ ബലത്തിൽ വളരുന്ന ശക്തികളുടെയും വിജയത്തിൻെറ സൂചനയാണിത്. ഇവയെയൊക്കെ ചെറുക്കാൻ ഉത്തരവാദപ്പെട്ട പ്രസ്ഥാനങ്ങളുടെ പരാജയത്തിൻെറയും.

(അവസാനിക്കുന്നില്ല.

* എം.എസ്. ഗോൾവാൾക്കർ: വീ ഓർ അവർ നേഷൻഹുഡ് ഡിഫൈൻസ് (ഭാരത് പബ്ളിക്കേഷൻസ് 1938)


## കല്യാണയോഗം



കല്യാണയോഗം ബ്യൂറോ യുവതീയുവാക്കളുടെ സ്ഥിതിയും പദവിയും ജാതകവും അഭിലാഷങ്ങളും പരിശോധിച്ച് ചേർച്ചയുള്ളവരുടെ പൂർണ്ണ വിവരങ്ങളും ഫോട്ടോയും കാണിച്ച് പരസ്പരം കൂടിക്കാഴ്ച ചയ്കയച്ച് വിവാഹിതരാക്കുന്നു. 18–നും 55 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള ബ്രാഹ്മണർ, അമ്പലവാസികൾ, നായന്മാർ, വിശ്വകർമ്മജർ, ഈഴവർ, എഴുത്തച്ഛൻ, വീരശൈവർ, ധീവരർ, വണ്ണാൻ, പണിക്കർ, ശൈവ വെള്ളാളർ, കൊങ്ങിണി, ഹരിഗിരിജനം, ക്രിസ്ത്യൻ, റോമൻ, ജാക്കബൈററ്, മുസ്ലീം യുവതീയുവാക്കൾക്കും പങ്കാളികൾക്കായി രക്ഷിതാക്കൾ വന്നാൽ അനുയോജ്യരെ അപ്പോൾ തന്നെ ലഭിക്കും. 7 രൂപ. വ്യവസ്ഥാ ഫോറത്തിനയയ്ക്കേണ്ട വിലാസം: ഡയറക്ടർ, ജ്യോത്സ്യ മിസിസ് വിശ്വകർമ്മ റാണി, കല്യാണയോഗം ബ്യൂറോ, റൂബി ബിൽഡിംഗ്, പോസ്റ്റോഫീസ് റോഡ്, തൃശൂർ.





## ജ്യോതിഃശ്ശാസ്ത്ര മനഃശാസ്ത്ര ദമ്പതിമാർ

റൂബി ലോഡ്ജ്: Room No: 28 A & B, P.O.Road, Trichur-I. Time 10 A.M. to 7 P.M.

അത്യുന്നത ഹസ്തരേഖാ ജ്യോതിശ്ശാസ്ത്ര സാമുദ്രിക മനഃശാസ്ത്ര വിദഗ്ദ്ധൻ സൗരാചാര്യ ഡോ.ആർ.കെ.വിശ്വകർമ്മയും ശ്രീമതി വിശ്വകർമ്മ റാണി ബി.എ.യും (ജ്യോത്സ്യ) നിങ്ങളുടെ ജനനമരണത്തിനിടയിലുള്ള സർവകാര്യങ്ങളും മുന്നിലിരുന്ന് ജ്യോതിശ്ശാസ്ത്ര മനഃശാസ്ത്ര പ്രതിവിധികൂടി പ്രവചിച്ച് ധന്യരാക്കുന്നു.

ജന്മവിധിയെങ്ങനെ? എപ്രകാരം? വിദ്യ, തൊഴിൽ, വ്യാപാരം, മാററവും പരിവർത്തനവും, ഉദ്യോഗസ്ഥിതിഗതി, ധനഭാഗ്യ നിർഭാഗ്യസ്ഥിതി, ശത്രുമിത്രസ്ഥിതി, ഭൂമി, ഗൃഹം, വാഹനപ്രശ്നത്തിനും, സ്ഥിരതയ്ക്കും, രാഷ്ട്രീയ പ്രശ്നം, രോഗപ്രശ്നം, നഷ്ടമോഷണവസ്തു കണ്ടെടുക്കൽ, പ്രശ്നം, ആയുരാരോഗ്യം, വിവാഹ-ദാമ്പത്യ രസഹ്യസ്ഥിതി, സന്താനഭാഗ്യ നിർഭാഗ്യ സ്ഥിതികളുമറിഞ്ഞ് ദുഃഖദുരിത ഗ്രഹപ്പിഴവും നീക്കി സ്ഥലകാലദോഷ നിവാരണംകൊണ്ട് അഭീഷ്ടകാര്യകാരണങ്ങൾ സാക്ഷാത്കരിച്ച് ധന്യരാകുവിൻ.

വരാൻ സാധിക്കാത്തവർ ജാതകവിശദീകരണത്തിനും പ്രതിവിധികളാൽ സൗഭാഗ്യത്തിനും പ്രോസ്പെക്ടസിന്, സ്ററാമ്പുസഹിതം എഴുതേണ്ട വിലാസം: എ.സി.നമ്പർ 2931 എഫ്.ബി., ശ്രീമതി എസ്.ആർ.കെ.വിശ്വകർമ്മറാണി ബി.എ., റൂബി ലോഡ്ജ്, പി.ഒ.റോഡ്, തൃശൂർ-1.

N.B. ആദ്ധ്യാത്മ നിഗൂഢ ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നു. പ്രമുഖ ജ്യോതിശാസ്ത്ര മനഃശാസ്ത്ര ദമ്പതിമാരുടെ മേൽനോട്ടത്തിൽ ശാസ്ത്രജ്ഞന്മാരുടെ സഹായത്താൽ ജ്യോതിഷം, ഹസ്തരേഖാശാസ്ത്രം, സാമുദ്രിക മനഃശാസ്ത്രം, ഹിപ്നോട്ടിസം, മെസ്മറിസം. പ്രകൃതിശാസ്ത്രം, തച്ചുശാസ്ത്രം, യോഗാസനം, പൂജ മന്ത്രവിധികളും വീട്ടിലിരുന്ന് പഠിക്കുവാൻ പ്രോസ്പെക്ടസിന് 15 ക. എം.ഒ. അയയ്ക്കേണ്ട വിലാസം: ഡയറക്ടർ, ജ്യോതിഷ വിദ്യാപീഠം, സൂര്യകർമ്മാശ്രമം, ഇരവിമംഗലം പി.ഒ., തൃശൂർ-680 751, കേരളം.



രാധാകൃഷ്ണൻ എം.ജി.

## ദംഷ്ട്രയും നെറ്റിക്കണ്ണും തെളിയുമ്പോൾ —2

# മാർക്കറ്റ് ഫ്രണ്ട്‌ലി ഹിന്ദുത്വം

സമൂഹത്തിൽ പുതിയതരം 'മൂല്യങ്ങൾ ശക്തിനേടുന്നത് ഏതെങ്കിലും ഒരു മേഖലയിൽ മാത്രം ഒതുങ്ങിനില്ക്കാറില്ല. എല്ലാ തലങ്ങളിലും ഏറിയോ, കുറഞ്ഞോ, ഒട്ടു വൈകിയോ, മുൻകൂട്ടിയോ പുതിയ മൂല്യങ്ങൾ കൂടിയേറും. രാഷ്ട്രീയതലത്തിൽ രൂപപ്പെടുന്ന പുതിയ മൂല്യങ്ങൾ സാമ്പത്തിക, സാംസ്കാരിക തലങ്ങളിലൊക്കെ പ്രത്യക്ഷപ്പെടുന്നത് സ്വാഭാവികമാണ്. എന്നാൽ ഇന്ത്യയിൽ ഫാസിസത്തിന്റെ മൂല്യങ്ങൾ സമൂഹത്തിന്റെ വിവിധമേഖലകളിൽ ശക്തിയാർജ്ജിച്ചതിന്റെ തുടക്കവും ഗതിവേഗവും ഏതാണ്ട് ഒരേ കാലഘട്ടത്തിൽത്തന്നെയാണെന്നത് അദ്ഭുതകരമായ സത്യമാണ്.

ഒരു ആസൂത്രിത പദ്ധതിയെന്നപോലെയാണ് വിവിധ മേഖലകളിൽ സമാന്തരമായി ഒരേസമയം ഈ പരിണാമം ദൃശ്യമായത്. അമ്പരപ്പിക്കുന്ന സമയനിഷ്ഠയാണ് ഫാസിസം ഇന്ത്യയിൽ പല മേഖലകളിലും പ്രദർശിപ്പിച്ചത് എന്നത് വേണ്ടത്ര ശ്രദ്ധിക്കപ്പെടാത്ത കാര്യമാണ്.

1970 കളിൽ രാഷ്ട്രീയതലത്തിൽ ശക്തി നേടിയ ഫാസിസവും അത് വളർത്തിയ മൂല്യങ്ങളും ഇന്ത്യയുടെ സാമ്പത്തിക, സാംസ്കാരിക മേഖലകളിലും അമ്പരപ്പിക്കുന്ന പാരസ്പര്യവും സാഹോദര്യവും കണ്ടെത്തുകയായിരുന്നു.

ആദ്യം സാമ്പത്തികമേഖല പരിശോധിക്കാം. ലോകത്തെങ്ങും എന്നും ഫാസിസം വലതുപക്ഷ സാമ്പത്തികനയങ്ങളുടെ പക്ഷത്താണ്. സോഷ്യലിസവും കമ്മ്യൂണിസവുമാണ് അതിന്റെ ഏററവും വലിയ ശത്രു. ഇന്ത്യയിൽ ഇന്ന് ശക്തമായിരിക്കുന്ന കടുത്ത സോഷ്യലിസ്ററ് വിരുദ്ധ സാമ്പത്തികനയങ്ങളുടെയും മുതലാളിത്ത നയങ്ങളുടെയും ശക്തിയാർന്ന തുടക്കം രാഷ്ട്രീയതലത്തിൽ ഫാസിസം ഊർജ്ജമാർജ്ജിച്ച 70 കൾ തന്നെയായിരുന്നു. സ്വാർത്ഥതയിലധിഷ്ഠിതമായ ഫാസിസം സാമ്പത്തികതലത്തിൽ സ്വാർത്ഥതയുടെയും വ്യക്തിനിഷ്ഠതയുടെയും ഉത്സവമായ മുതലാളിത്തത്തിന്റെ തീവ്രരൂപംതന്നെയാണല്ലോ. സാമ്പത്തിക നയങ്ങളുടെ കാര്യത്തിൽ ഫാസിസത്തിന് ദേശമോ, വംശമോ, മതമോ ഒന്നും പ്രശ്നമല്ല. മററു പല കാര്യങ്ങളിലും നാസിഫാസിസത്തോട് ഭിന്നതയുള്ള ബി ജെ പിക്കും ആർ എസ് എസ്സിനും മററും സാമ്പത്തികരംഗത്തെ മുതലാളിത്ത നടപടികളോട് അടിസ്ഥാനപരമായി യാതൊരു ഭിന്നതയുമില്ല. ഇസ്ലാമിക രാഷ്ട്രങ്ങളായ സൗദി അറേബ്യയിലെ രാജകുമാരനും, പാകിസ്ഥാനിലെ നവാസ് ഷെരീഫും, ജർമ്മനിയിലെ ക്രിസ്ത്യൻ ഡെമോക്രാററുകളും, ഇസ്രയേലിലെ ജൂതഭരണാധികാരികളും, ജൂതശത്രു ആയിരുന്ന ഹിററ്ലറും, ഇന്ത്യയുടെ ലാൽ കൃഷ്ണ അദ്വാനിയും എല്ലാ ഭിന്നതകളും മറന്ന് കൈകൾ കോർക്കുന്ന അപൂർവ സാഹോദര്യത്തിന്റെ ഭൂമി വലതുപക്ഷ സാമ്പത്തികരംഗംതന്നെയാണ്.

ഇന്ത്യയിൽ ഇന്ന് എല്ലാ മൂടുപടങ്ങളും നീക്കി പുറത്തുവന്ന ഫാസിസത്തെപ്പോലെ തന്നെയാണ്, ശുദ്ധ മുതലാളിത്തവും എല്ലാ മറകളും മാററി അവതരിപ്പിച്ചിരിക്കുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഭരണഘടനയുടെയും ആദർശപ്രമാണങ്ങളായിരുന്ന ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നിവ പരസ്പരം വ്യവച്ഛേദിക്കാനാവാത്തൊരു മൂല്യസങ്കല്പത്തിന്റെതന്നെ ഭാഗങ്ങളാണെന്ന് വ്യക്തമായി തെളിയിക്കുന്നു ഇതു മൂന്നും ഒരേസമയംതന്നെ ഭീഷണി നേരിടുന്ന ഇന്നത്തെ അവസ്ഥ.

ഫാസിസം ഇന്ത്യയിൽ രാഷ്ട്രീയതലത്തിൽ ശക്തിനേടുന്നത് എഴുപതുകളോടെയാണെന്ന് പരാമർശിച്ചുവല്ലോ. 'സോഷ്യലിസം' ഇന്ത്യൻ ഭരണാധികാരികൾക്ക് ചതുർത്ഥിയാകുന്നതും ഇതേ കാലത്തുതന്നെയാണ്. ഇന്നത്തെ 'ഉദാരവല്ക്കരണ'ത്തിന് ശക്തമായ അടിത്തറ പാകിയത് ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് എന്നും ഇന്നത്തേത് അതിന്റെ സയുക്തികമായ തുടർച്ച മാത്രമാണെന്നും പുതിയ മുതലാളിത്തനയങ്ങളുടെ ശില്പിയായ കേന്ദ്ര സാമ്പത്തികമന്ത്രി ഡോ. മൻമോഹൻസിംഗ് ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. താൻ ആസൂത്രണക്കമ്മിഷൻ ചെയർമാനായിരുന്ന ഇന്ദിരയുടെ ഭരണകാലത്ത് തയ്യാറാക്കിയ ആറും ഏഴും പഞ്ചവത്സരപദ്ധതികളുടെ രൂപരേഖയിൽ ഇന്നത്തെ മുതലാളിത്ത നയങ്ങളുടെ തുടക്കം കാണാമെന്നും ഡോ. സിംഗ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പക്ഷേ, ദേശീയപ്രസ്ഥാനത്തിന്റെതന്നെ അടിസ്ഥാന പ്രമാണമായിരുന്ന സോഷ്യലിസത്തെ ഇന്നത്തെപ്പോലെ പൂർണ്ണമായി തള്ളിപ്പറയുന്നിടത്തോളം സ്വാതന്ത്ര്യസമരത്തിന്റെയും, നെഹ്റുവിയൻ പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ വളർന്ന ഇന്ദിരാഗാന്ധിയുടെ മൂല്യവ്യവസ്ഥയിൽ മാററങ്ങൾ ഉണ്ടായിരുന്നില്ല. പക്ഷേ, ഈ ''പുതമു''കളൊന്നും ഇല്ലാതെ 1980 കളിൽ വന്ന രാജീവ്ഗാന്ധിയുടെ രംഗപ്രവേശത്തോടെ സ്ഥിതി മാറി. സോഷ്യലിസം ശുദ്ധ വിഡ്ഢിത്തമാണെന്ന് കോൺഗ്രസ്സിൽപ്പോലും അഭിപ്രായങ്ങൾ ഉയർന്നത് അക്കാലത്താണ്.

പക്ഷേ, ഈ മാററം ഡൂൺ സ്കൂളിന്റെയും, ഇംഗ്ലണ്ടിലെ വിദ്യാഭ്യാസത്തിന്റെയും മററും പശ്ചാത്തലം മാത്രമുള്ള രാജീവ് ഗാന്ധിയുടെ വിശ്വാസത്തിന്റെ മാത്രം ഫലമായിരുന്നില്ല. ഫാസിസംപോലെതന്നെ ഇന്ത്യൻ സമൂഹത്തിന്റെ മൂല്യവ്യവസ്ഥയിലും ഉണ്ടായിത്തുടങ്ങിയ പുതിയ മാററങ്ങളുടെ പ്രതിഫലനമായിരുന്നു ഇത്. സോഷ്യലിസ്ററ് വിരുദ്ധ ശക്തികൾ ആശയപ്രചാരണലോകത്ത് നേടിയ വിജയവും, 'സോഷ്യലിസ'മെന്ന പേരിൽ ഇന്ത്യയിൽ നടപ്പാക്കിയിരുന്ന സ്റ്റേറ്റ് മുതലാളിത്തത്തിന്റെ പരാജയവും, ആഗോള സോഷ്യലിസ്ററ് രാജ്യങ്ങളിൽ കണ്ടുതുടങ്ങിയ സാമ്പത്തികത്തളർച്ചയും ജനസാമാന്യത്തിന്റെ മൂല്യവ്യവസ്ഥയിലെ മാററത്തിനു ശക്തിപകർന്ന ഘടകങ്ങളാണ്.

ഇന്ത്യയിൽ പരിഹരിക്കപ്പെടാതെ കിടന്ന എല്ലാ പ്രശ്നങ്ങൾക്കും കാരണം സോഷ്യലിസമാണെന്ന പ്രചാരണം, വർഗ്ഗീയതയുടെ രംഗത്തുണ്ടായ ആശയപ്രചരണത്തിന് സമാനമായിരുന്നു. ഇന്ത്യയുടെ വർഗ്ഗീയ പ്രശ്നങ്ങൾക്കു കാരണം 'മതേതരത്വ'മാണെന്ന് പ്രചരിപ്പിക്കുകയും, യഥാർത്ഥ കാരണമായ വർഗ്ഗീയതയോടുള്ള ഒത്തുതീർപ്പുകൾ തമസ്കരിക്കുകയും ചെയ്യുന്നതുപോലെയാണ് ഇന്ത്യയുടെ സാമ്പത്തിക കാരണങ്ങൾക്കെല്ലാം കാരണം സോഷ്യലിസമാണെന്ന് പ്രചരിപ്പിക്കുകയും യഥാർത്ഥത്തിൽ നടപ്പിലാക്കിയത് സ്റ്റേറ്റ് മുതലാളിത്തമാണെന്ന വസ്തുത തമസ്കരിക്കുകയും ചെയ്തത്. ഫാസിസം പ്രചരിപ്പിച്ച കപടപരിഹാരങ്ങളിൽ വിശ്വസിക്കുകയും ഭാവനാസൃഷ്ടമായ ശത്രുവിനെ വെറുക്കുകയും ചെയ്ത സാധാരണക്കാരിൽ വലിയൊരു വിഭാഗം അതുപോലെതന്നെ സോഷ്യലിസത്തോട് വെറുപ്പും മുതലാളിത്തത്തോട് കൂറും പ്രഖ്യാപിക്കുകയും ചെയ്തു. ഫാസിസം നേടിവന്ന സമ്മതിപോലെ മുതലാളിത്തവും ഇന്ത്യൻ ജനതയിൽ വലിയൊരു വിഭാഗത്തിന്റെ സമ്മതി ആർജ്ജിച്ചു തുടങ്ങിയത് അങ്ങനെയാണ്.

മൂല്യവ്യവസ്ഥയിൽത്തന്നെ സോഷ്യലിസ്ററ് വിരുദ്ധ വികാരം വ്യാപകമാകുന്നത് ഫാസിസ്ററ് മൂല്യങ്ങളുടെ വളർച്ചപോലെ പുതിയ പ്രതിഭാസമാണ്. യഥാർത്ഥത്തിൽ എല്ലാ സോഷ്യലിസ്ററ് വിരുദ്ധ നടപടികൾക്കും നേതൃത്വം നല്കുന്നവരെങ്കിലും,

സോഷ്യലിസത്തിനുവേണ്ടി അധരവ്യായാമം നടത്തുന്നവരായിരുന്നു അവരൊക്കെ. കടുത്ത സോഷ്യലിസ്റ്റ് വിരോധിക്കും സ്വന്തം മൂല്യവ്യവസ്ഥയിൽ സോഷ്യലിസത്തോട് ബഹുമാനമുണ്ടായിരുന്നു എന്നതാണ് ഇതിനു കാരണം. പക്ഷേ, ഇന്ന് ആ സ്ഥിതിയും മാറി. സോഷ്യലിസം വങ്കത്തമാണെന്നുതന്നെയാണ് ഇത് ആദർശപ്രമാണമായി സ്വീകരിച്ചിരുന്ന കോൺഗ്രസ്സിന്റെ പ്രഖ്യാപിത നിലപാട്. ഇതാണ് സമൂഹത്തിൽ നെടുനായകത്വം നേടിവരുന്ന പുതിയ മൂല്യങ്ങളുടെ പ്രതിഫലനം.

രാഷ്ട്രീയ കക്ഷികളിലെന്നപോലെ, അക്കാദമിക് രംഗത്തും, വാർത്താമാധ്യമങ്ങളിലും കുടുംബസദസ്സുകളിലുമൊക്കെ സോഷ്യലിസം 'ഫാഷനബിൾ' അല്ലാതായിത്തീർന്നതും ഈ പുതിയ സ്ഥിതിയുടെ പ്രതിച്ഛായയാണ്. അതേസമയം 'ഹിന്ദുത്വ'വും 'സോഷ്യലിസ്റ്റ് വിരോധ'വും ഒരുപോലെ ഫാഷനബിളും ആയിക്കഴിഞ്ഞു. 'സ്യൂഡോ— സെക്യൂലറിസ'ത്തെ അധിക്ഷേപിക്കുന്ന അതേ മുഖങ്ങളിൽനിന്ന് 'സോഷ്യലിസ്റ്റ് ഷിബലെത്തി'നെക്കുറിച്ചു കേൾക്കുന്നത് പതിവായിത്തീർന്നിട്ടുണ്ടല്ലോ.

ഓരോ മുടുപടവും ഒന്നൊന്നായി ഉപേക്ഷിച്ചുകൊണ്ട് ഫാസിസം വളർച്ചയുടെ ഓരോ പടവുകൾ കയറി ആരാധനാലയം തകർക്കുന്ന ഡിസംബർ ആറിലേക്ക് വളർന്നതുപോലെ, ഇന്ത്യൻ മുതലാളിത്തവും ഇതേ കാലഘട്ടത്തിൽ എല്ലാ മറകളും ഉപേക്ഷിച്ച് 1992 ലെത്തി നില്ക്കുകയാണ്. സമാന്തരമായുള്ള ഈ പരിണാമം ചേർത്തു വായിക്കേണ്ടതുതന്നെ.

ഒരുകാലത്ത് നമ്മുടെ മൂല്യങ്ങളിൽ നന്മയുടെ പ്രതീകങ്ങളായി ഗണിക്കപ്പെട്ടിരുന്ന പലതും ഒരുമിച്ച് തകിടം മറിയുകയാണ്. മതേതരത്വം, സഹിഷ്ണുത, ന്യൂനപക്ഷ സംരക്ഷണം തുടങ്ങിയവയൊക്കെ "വലിയ തെററുകളായി" കരുതപ്പെടുന്നതോടൊപ്പം തന്നെയാണ് സോഷ്യലിസവും വിവേകശൂന്യമായിത്തുടങ്ങിയത്. മനുഷ്യർ തമ്മിലുള്ള സാമ്പത്തികാസമത്വം, ദാരിദ്ര്യം എന്നിവയുടെ നിർമ്മാർജ്ജനം, പൊതുമേഖലയുടെ പ്രാധാന്യം, സമൂഹത്തിലെ അവശർക്ക് സമൂഹത്തിന്റെ ചെലവിൽ നല്കുന്ന ആരോഗ്യ— ഭക്ഷ്യ—വിദ്യാഭ്യാസ സൗകര്യങ്ങൾ (സബ്സിഡി എന്ന വങ്കത്തം!) എന്നിവയൊക്കെ ഇന്ന് ഏററവും വിവേകശൂന്യമായി വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

മൂല്യങ്ങളിൽ സ്വാർത്ഥത മഹത്വവല്ക്കരിക്കപ്പെടുന്ന ഈ അവസ്ഥയ്ക്ക് അതിന്റെ പ്രണേതാക്കളുടെ വിജയവും, സോഷ്യലിസ്റ്റ് പരീക്ഷണങ്ങളുടെ തളർച്ചയും, മൂല്യങ്ങളുടെ ലോകത്തെ വിജയത്തിനുവേണ്ടി ആശയപ്രചാരണരംഗത്ത് പുരോഗമന പ്രസ്ഥാനങ്ങൾക്കുണ്ടായ പരാജയവും ഒക്കെ കാരണങ്ങളാണ്. കൂട്ടായ്മ മുഖമുദ്രയായിരുന്ന കൂട്ടുകുടുംബങ്ങളുടെ തകർച്ച, തുടർന്ന് സ്വാർത്ഥത ഊർജ്ജം നല്കുന്ന ന്യൂക്ലിയർ ഫാമിലികളുടെ വ്യാപനം, തീവ്രമത്സരം കൊടികുത്തി വാഴുന്ന വിദ്യാഭ്യാസ സമ്പ്രദായം, തൊഴിൽവിപണി തുടങ്ങിയ ഘടകങ്ങളും സഹതാപം, സഹിഷ്ണുത, നിസ്വാർത്ഥത തുടങ്ങിയ മൂല്യങ്ങളെ തുരങ്കംവച്ച നഗരവല്ക്കരണത്തിന്റെ ഭാഗങ്ങളാണ്.

മുതലാളിത്തത്തിന്റെ പ്രാണവായുവായ ഉപഭോഗ സംസ്കാരം, എല്ലാത്തിനെയും കമ്പോളച്ചരക്കാക്കുന്ന കച്ചവട സംസ്കാരം, മുതലാളിത്തത്തിന്റെ 'പറുദീസ'കളായ പാശ്ചാത്യരാജ്യങ്ങളിലെ ഭൗതികാന്തരീക്ഷത്തിന്റെ നഗ്നമായ അനുകരണം എന്നിവയും ഇന്ത്യയിൽ ശക്തമാകുന്നത് ഇക്കഴിഞ്ഞ ദശകങ്ങളിലാണ്. മൂല്യങ്ങളിലുണ്ടായ പരിണാമത്തിന് ശക്തി പകർന്ന വലിയ ഘടകങ്ങൾതന്നെയാണിവ. ഉപഭോഗ സംസ്കാരത്തിന്റെ ഏററവും വലിയ മാധ്യമമായി ടെലിവിഷൻ മാറുന്നത് 1980 കളിലാണ്. ആദർശപ്രമാണങ്ങൾ മാറിയ ഭരണകക്ഷി

> **1970 കളിൽ രാഷ്ട്രീയതലത്തിൽ ശക്തിനേടിയ ഫാസിസവും അതു വളർത്തിയ മൂല്യങ്ങളും ഇന്ത്യയുടെ സാമ്പത്തിക- സാംസ്കാരിക മേഖലകളിലും അമ്പരപ്പിക്കുന്ന പാരസ്പര്യവും സാഹോദര്യവും കണ്ടെത്തുകയായിരുന്നു.**

ബോധപൂർവ്വമെടുത്ത ഒരു നടപടിതന്നെയായിരുന്നു ഇത്. ഗവൺമെൻറുടമയിലുള്ള ദൂരദർശൻ എണ്ണിയാലൊടുങ്ങാത്ത ഉപഭോഗച്ചരക്കുകളുടെ പരസ്യങ്ങൾക്കും, അതിനായി രൂപപ്പെടുത്തുന്ന സോപ്പ് ഓപ്പറകൾക്കും വേദിയായിത്തുടങ്ങിയത് രാജീവ്ഗാന്ധിയുടെ 'ഉദാരവല്ക്കരണം' ശക്തമായ അക്കാലത്തായിരുന്നു. മുതലാളിത്തം പൂർണ്ണരൂപം പ്രദർശിപ്പിച്ചു തുടങ്ങിയ 1990 കളിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥപോലെതന്നെ ഇന്ത്യൻ ടെലിവിഷനും ആഗോളവല്ക്കരിപ്പെട്ടു. ഇരുപത്തിനാല് മണിക്കൂർ സംപ്രേഷണം ചെയ്യുന്ന അന്താരാഷ്ട്ര സാററലൈററ് ടി.വി, സ്ററാർ, സ്ററാർ പ്ലസ്, എം.ടി.വി, സ്കൈ, സീ, സി.എൻ.എൻ, ബി.ബി.സി തുടങ്ങിയവയിലൂടെ ഇന്ത്യൻ നഗരങ്ങളിലെ മദ്ധ്യവർഗ്ഗ- ഉപരിവർഗ്ഗ സമൂഹത്തിൽ കാട്ടുതീപോലെ പ്രചരിച്ചുകഴിഞ്ഞു. പാശ്ചാത്യ സംസ്കാരത്തിന്റെ പ്രതിഫലനങ്ങളായ ഈ ടി.വി പരിപാടികൾ സ്വന്തം സ്വീകരണമുറികളിലും കണ്ടുതുടങ്ങിയതോടെ, തങ്ങൾ സ്വപ്നം കണ്ട പാശ്ചാത്യലോകത്ത് തങ്ങൾ സ്വയം എത്തിക്കഴിഞ്ഞ പ്രതീതിയായി ഈ വിഭാഗങ്ങൾക്ക്. 'സാൻറാ ബാർബറയും', 'ബോൾഡ് ആൻഡ് ബ്യൂട്ടിഫുളും' കൈയായി ഇന്ത്യൻ ഇടത്തരക്കാരന്റെയും ഇഷ്ടവിനോദങ്ങൾ. ഉപഭോഗവസ്തുക്കളുടെ കാര്യത്തിലും, അമേരിക്കൻ ആഡംബര ചരക്കുകൾ ഇന്ത്യൻ വിപണിയിൽ പ്രഹരിക്കുകയാണ്. ഇന്ത്യൻ നിർമ്മിത ആഡംബര വസ്തുക്കൾക്കു പുറമെ ആപ്പിൾ മക്കിൻടോഷ് കംപ്യൂട്ടറും, മക്ഡൊനാൾഡ് ഹാംബർഗറും, കെല്ലോഗ്സ് ബ്രേക്ക്ഫാസ്ററും, റീബോക് ഷൂസും, റോക്ക് വീഡിയോയും, ഡിസൈനർ ജീൻസും, കെൻറക്കി ഫ്രൈഡ് ചിക്കനും ഒക്കെ വിവിധ സാററലൈററ് ടി.വി പരസ്യങ്ങളിലൂടെ നഗരവാസികൾക്കു മാത്രമല്ല, ഉൾനാട്ടുകാർക്കുപോലും ചിരപരിചിതമായ പേരുകളായിക്കഴിഞ്ഞു. പുനഃപ്രവേശനത്തിനൊരുങ്ങി നില്ക്കുന്ന 'കോക്ക്' (കൊക്കൊ കോള) അടക്കമുള്ള 'അമേരിക്കനിസ'ങ്ങൾ ഇന്ത്യൻ വിപണി കൈയടക്കാൻ ഏതാനും ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളു. ഇന്ത്യയിൽ 70 ശതമാനം ജനതയിൽ ടെലിവിഷൻ എത്തിക്കഴിഞ്ഞു. അതായത് ജനതയിൽ 50% മുഴുപ്പട്ടിണിക്കാരായ ജനങ്ങളാണ് പട്ടിണിയിരുന്നും ദിനംപ്രതി അത്യാഡംബര വസ്തുക്കളുടെ പരസ്യം കണ്ട് വയർ നിറയ്ക്കുന്നതെന്നർത്ഥം. ഒരു കാർട്ടൂൺപോലെ തോന്നിക്കുന്ന യഥാർത്ഥ ജീവിതചിത്രം.

ഈ പുതിയ അവസ്ഥയെപ്പററി ഈയിടെ ഒരു മാധ്യമ വിദഗ്ദ്ധൻ ചൂണ്ടിക്കാട്ടിയത് കൗതുകകരമാണ്. 200 വർഷത്തെ ബ്രിട്ടീഷ് ആധിപത്യം കഴിഞ്ഞ് സ്വാതന്ത്ര്യലബ്ധിക്കു ശേഷം 40 വർഷം കഴിഞ്ഞപ്പോഴേക്കും ഇന്ത്യ അമേരിക്കൻ സാംസ്കാരിക സാമ്രാജ്യത്വ ആധിപത്യത്തിന് തലനീട്ടിയിരിക്കുന്നു എന്നാണദ്ദേഹം പറഞ്ഞത്.[2] രാജ്കപൂറിന്റെ 'ആവാര'യിലെ പ്രശസ്തമായ ഗാനം— പത്‌ലൂൻ ഇംഗ്ലിസ്‌സ്ഥാനിയും (ഇംഗ്ലീഷ് പാൻറ്സ്) ലാൽ ടോപ്പി റൂസി (റഷ്യയിലെ ചുവന്ന തൊപ്പി)യും ഒക്കെ പഴങ്കഥകളായിക്കഴിഞ്ഞുവത്രേ!

ശുദ്ധ മുതലാളിത്തത്തെ ഊട്ടിവളർത്തുന്ന പാശ്ചാത്യ സംസ്കാരത്തിന്റെ ആരാധകരിൽ ഏററവും മുന്നിൽ നില്ക്കുന്നവരിൽ ഭാരതീയ പൈതൃകത്തെക്കുറിച്ചും ആർഷ സംസ്കാരത്തെപ്പററിയും വാതോരാതെ ഉദ്ഘോഷിക്കുന്ന 'ഹിന്ദുത്വ'വാദികളാണെന്നതാണ് ഏററവും ശ്രദ്ധേയം. ഒററനോട്ടത്തിൽ വിരോധാഭാസമായിത്തോന്നുന്ന ഈ പാരസ്പര്യം ഫാസിസവും മുതലാളിത്തവും തമ്മിലുള്ള അഭേദ്യബന്ധത്തിന്റെ തെളിവാണ്. പാശ്ചാത്യ സംസ്കാരത്തിന്റെ ഏററവും വലിയ പോഷകശാലകളായ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മികച്ച ഉദാഹരണം. ആർഷഭാരത സംസ്കാരം ഉദ്ഘോഷിക്കുന്ന സന്ന്യാസിമാരും, സംഘടനകളുമാണ് ഇത്തരം സ്കൂളുകൾ നടത്തുന്നതിലേററവും മത്സരിക്കുന്നത്. സംസ്കൃതം മൃതഭാഷയാ

യതിൽ ഏറ്റവുമധികം പരിതപിക്കുന്ന ഇക്കൂട്ടർ നടത്തുന്ന സ്ഥാപനങ്ങളിൽ ഭൂരിപക്ഷത്തിലും സംസ്കൃതമോ, ഹിന്ദിയോ, വെറും കീഴാളഭാഷയായ മലയാളമോ പഠിപ്പിക്കാറില്ല. ആർഷഭാരത ഇംഗ്ലീഷ് മീഡിയം റെസിഡൻഷ്യൽ സ്കൂളുകളും, ഹരിശ്രീ മോണ്ടിസ്സോറി മോഡൽ കിൻറർ ഗാർട്ടനുകളും "ഗർവോടെ പറയൂ ഞാൻ ഹിന്ദു ആണ്" (സോർ സെ ബോലോ, ഹം ഹിന്ദു ഹൈ) എന്ന കാർ ബമ്പർ സ്റ്റിക്കറുകളും, ഇംഗ്ലീഷ് ഗീതാകോഴ്സുകളും, യോഗാ ക്രാഷ് കോഴ്സും, മസ്ജിദ് തകർത്ത യുവ ഹൈന്ദവരുടെ "റീബോക്" ഷൂസുകളും, 'ലീ' ജീൻസുകളും തുടങ്ങി 'ഗംഗ' ടോയ്‌ലറ്റ് സോപ്പുവരെ ഈ പുതിയ പാശ്ചാത്യപ്രേമിയായ "യൂപ്പി ഹിന്ദുത്വ"യുടെ (Yuppie Hindutva) പ്രതിഫലനങ്ങളാണ്.

എന്തിനെയും കമ്പോളച്ചരക്കാക്കുന്ന മുതലാളിത്തത്തിന്റെ ഹൈന്ദവമുഖത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ് പുതിയ ഗംഗ ടോയ്‌ലറ്റ് സോപ്പ്. സൂപ്പർ മാർക്കറ്റ് ഷെൽഫുകളിൽ അണിനിരക്കുന്ന ഷാംപൂ, ഫേസ് ക്രീം, ആഫ്റ്റർ ഷേവ് എന്നിവയുടെ ഇടയിൽ 'ഹിന്ദുത്വ'വും ആകർഷകമായ പായ്ക്കേജിൽ കുടിയിരിക്കുന്നു. കമ്പോള സംസ്കാരത്തിന്റെ ആദി പ്രതീകങ്ങളിലൊന്നായ ടോയ്‌ലറ്റ് സോപ്പായിത്തന്നെ "പരിശുദ്ധ ഗംഗാജലത്തിൽ നിർമ്മിക്കപ്പെട്ട ഗംഗാ സോപ്പ്" എത്തിയത് ആധുനിക അയോദ്ധ്യാകാണ്ഡത്തിലേക്ക് വളർന്ന കച്ചവടവല്ക്കരിക്കപ്പെട്ട ഹിന്ദുത്വത്തിന്റെ ചിഹ്നമാണ്. തനി സോപ്പ് ഓപ്പറയായിരുന്ന ടി.വി മഹാഭാരതത്തിലെ ഗംഗാദേവിയായിരുന്ന കിരൺ ജൂനെജാതന്നെ ഈ സോപ്പിന്റെ പരസ്യത്തിൽ പ്രത്യക്ഷപ്പെടുന്നതും പുതിയ അവസ്ഥയുടെ ഒന്നാംതരം പ്രതീകമായി. ഈ ടി.വി ഗംഗാദേവിക്കൊപ്പം പുതിയ സംസ്കാരത്തിന്റെ പ്രധാന മാധ്യമങ്ങളിലൊന്നായ ക്രിക്കറ്റിലെ താരം സുനിൽ ഗാവസ്കറും, കച്ചവട സിനിമാതാരം റിഷി കപൂറും ഗംഗാസോപ്പ് പ്രചരിപ്പിക്കാനെത്തിയപ്പോൾ ചിത്രം പൂർണ്ണമായി.

പൗരാണികതയും, സംസ്കാരവുമൊക്കെ ലാഭം കൊയ്യാൻ സഹായിക്കുന്ന കച്ചവടച്ചരക്കാക്കുന്നത് അക്ഷരാർത്ഥത്തിൽ ഈ 90കളിൽ നാം കാണുകയാണ്. 'ഹിന്ദുത്വം' ഡിസംബർ 6 ന്റെ സ്ഥിതിയിലേക്ക് വളരുന്നതിന് കുറച്ചുമുമ്പ് ഗംഗാജലം കുപ്പികളിലാക്കി ഇന്ത്യ മുഴുവൻ കൊണ്ടുനടന്ന് കുപ്പിക്ക് 5 രൂപ കണക്കിൽ അവർ വിറ്റു. ഡിസംബർ ആറായപ്പോഴേക്കും, ഒരുപടികൂടിയായി. ഗംഗാജലം തനി സോപ്പായി പ്രത്യക്ഷപ്പെടുന്നു! ഗംഗാജലം വിറ്റു കാശാക്കാൻ ഇന്ന് പറ്റിയ ചരക്കാണെന്നു കണ്ടെത്തിയ വ്യവസായിയുടെ ബുദ്ധി എങ്ങനെ? പുതിയ "മാർക്കറ്റ് ഫ്രണ്ട്‌ലി ഹിന്ദുത്വ"യുടെ മുഖചിഹ്നമായ ഇതാണ്.

(അവസാനിക്കുന്നില്ല)



രാധാകൃഷ്ണൻ എം.ജി

## ദംഷ്ട്രയും നെറ്റിക്കണ്ണും തെളിയുമ്പോൾ -3

# മാധ്യമമെന്ന ജാനസ് ദേവൻ

ഇന്ത്യയിൽ സാമ്പത്തിക-മാധ്യമ-സാംസ്കാരിക മേഖലകളിൽ പുതിയ മുതലാളിത്തത്തിന്റെയും പാശ്ചാത്യാനുകരണത്തിന്റെയും പ്രണേതാക്കളായ ഒരു വിഭാഗമാണ് ഇന്ന് അഭിപ്രായങ്ങൾക്ക് രൂപം നല്കുന്നത്. ഇവരുടെ അഭിപ്രായങ്ങൾക്കാണ് മാധ്യമങ്ങളിലും സെമിനാറുകളിലുമൊക്കെ ഇടവും ലഭിക്കുക.

മുഴുപ്പട്ടിണിക്കാരായ ഒരു മഹാഭൂരിപക്ഷം ഭീകരമായ ദുരിതങ്ങളിലലയുന്നത് തീർത്തും കണ്ടില്ലെന്ന് നടിച്ചുകൊണ്ട് ഒരു ചെറുന്യൂനപക്ഷമായ ഈ ''അഭിപ്രായ രൂപീകരണ വിദഗ്ദ്ധർ'' നടത്തുന്ന പ്രഖ്യാപനങ്ങൾ ഇന്ത്യൻ ജനതയുടെ അഭിപ്രായമെന്ന മട്ടിലാണ് പുറത്തുവരുന്നത്. ''യൂപ്പി'' (Young Urban Professional) ''എന്ന വിശേഷണത്തിലറിയപ്പെടുന്ന ഈ വിഭാഗക്കാരന് റോമൻ മിഥോളജിയിലെ ദേവനായ ജാനസിനെപ്പോലെ (Janus) രണ്ട് മുഖമാണ്. ഒരു മുഖം ശുദ്ധ മുതലാളിത്തത്തിന്റേതാണെങ്കിൽ, മറ്റേ മുഖം ഫാസിസത്തിന്റേതുതന്നെ.

സാമ്പത്തിക നയങ്ങളുടെ രംഗത്തെന്നപോലെ മാധ്യമങ്ങളിലും മുതലാളിത്തവും വർഗ്ഗീയതയും ഇത്രയും ആഘോഷിക്കപ്പെടുന്ന കാലം മുമ്പുണ്ടായിട്ടില്ല. യഥാർത്ഥ ലോകത്ത് നടക്കുന്നതിന്റെ പ്രതിഫലനമാണ് മാധ്യമങ്ങളിൽ കാണുക എന്ന് പറയാറുണ്ട്. സമൂഹം ഏത് ദിശയിൽ പോകുന്നുവോ ആ ദിശായാത്ര മാധ്യമങ്ങളിലും കാണും. പക്ഷേ, സമൂഹത്തിന്റെ ഈ ദിശയിലേക്കുള്ള യാത്ര ത്വരിതപ്പെടുത്തുന്ന പങ്ക് മാധ്യമങ്ങൾക്കുണ്ട്.

വർഗ്ഗീയതയുമായി ബന്ധപ്പെട്ട മൂല്യങ്ങൾക്ക് ഇന്നത്തെപ്പോലെ മറ്റൊരു കാലത്തും മാധ്യമങ്ങളിൽ ഇത്രയും വിപുലമായ പ്രചാരണം കിട്ടിയിട്ടില്ലെന്ന് 10 വർഷം മുമ്പ് പത്രം വായിക്കുകയും, ടി.വി കാണുകയും ചെയ്തിരുന്നവർക്കൊക്കെ വ്യക്തമായി പറയാൻ കഴിയും.

മതപരമായ ചടങ്ങുകൾ, ഉത്സവങ്ങൾ, പെരുന്നാളുകൾ തുടങ്ങിയ എണ്ണമറ്റ പരിപാടികൾ ഇന്നത്തെപ്പോലെ ഒരിക്കലും മാധ്യമസ്ഥലം അപഹരിച്ചിരുന്നില്ല. ദൂരദർശനിലും കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ വന്ന സുദീർഘ പരമ്പരകളായ രാമായണം, മഹാഭാരതം, ചാണക്യൻ തുടങ്ങിയവയിലെ മതപുനരുത്ഥാന മൂല്യങ്ങൾക്ക് ലഭിച്ച പ്രചാരവും, അയോധ്യാസംഭവങ്ങൾക്കും തമ്മിലുള്ള ബന്ധത്തെപ്പറ്റി പലരും ചൂണ്ടിക്കാട്ടി കഴിഞ്ഞിട്ടുണ്ട്. ശുദ്ധ വർഗ്ഗീയത പ്രചരിപ്പിക്കുന്ന പത്രങ്ങളുടെ ആവിർഭാവവും ഇക്കാലത്തെ പ്രതിഭാസമാണ്. മുമ്പൊക്കെ പരോക്ഷമായി ഇത്തരം പ്രചാരണങ്ങളുണ്ടായിട്ടുണ്ടെങ്കിലും നഗ്നമായ വർഗ്ഗീയത വളർത്തുന്നത് സമീപകാല പ്രതിഭാസമാണെന്ന് പ്രസ്സ് കൗൺസിൽ തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വർഗ്ഗീയത പ്രചരിപ്പിച്ചതിന് ചില ഹിന്ദി പത്രങ്ങളെ ഈയിടെ പ്രസ്സ് കൗൺസിലിന് ശാസിക്കേണ്ടിവന്നത് നാടാടെയായിരുന്നുവല്ലോ. ഈയിടെ ബോംബെയിൽ നടന്ന വർഗ്ഗീയ കലാപക്കാലത്ത് ഗുജറാത്തിലെയും മഹാരാഷ്ട്രയിലെയും പ്രമുഖ ഭാഷാ പത്രങ്ങൾ തന്നെ ശിവസേനയെ അനുകൂലിക്കുന്ന നിലപാടാണ് സ്വീകരിച്ചത്.

സമൂഹത്തിൽ നെടുനായകത്വം ഉണ്ടായിരുന്ന സഹിഷ്ണുതയുടെ മൂല്യങ്ങൾ തളർന്നതായി പരാമർശിച്ചുവല്ലോ. മാധ്യമങ്ങളുടെ മൂല്യബോധത്തിലും ഇതിന്റെ പ്രതിഫലനം കാണാം. സാമ്പത്തിക രംഗത്ത് സോഷ്യലിസത്തിനെതിരെയുള്ള പ്രചാരണത്തിന്റെ ഏറ്റവുംവലിയ മാധ്യമങ്ങൾ ഇന്ന് വാർത്താപത്രങ്ങളും മററും തന്നെ. മുതലാളിത്ത താല്പര്യങ്ങൾ നയിച്ചിരുന്ന പത്രങ്ങളായിട്ടും മുമ്പൊന്നും തയ്യാറാകാത്ത വിധത്തിൽ ഇന്നാണ് ഇവ മുതലാളിത്തത്തിന്റെ ശക്തമായ പ്രചാരകർ ആയിട്ടുള്ളത്. മറ്റൊരു അഭിപ്രായഗതിക്ക് ഇടംപോലും നല്കാത്ത വിധത്തിൽ ഇന്ന് വാർത്താമാധ്യമങ്ങൾ സോഷ്യലിസ്റ്റ് വിരുദ്ധ പ്രചാരണത്തിൽ ആണ്. സോഷ്യലിസത്തെ എതിർക്കുക മാത്രം ലക്ഷ്യമാക്കിയിരിക്കുന്ന കോളമിസ്റ്റുകളുടെ പ്രവാഹംതന്നെ ഈ മൂല്യപരിണാമത്തിന്റെ സൂചന തന്നെ. 20 വർഷം മുമ്പ് ദേശീയ പത്രങ്ങളിൽ സോഷ്യലിസത്തെ അടിമുടി എതിർക്കുന്ന കോളമിസ്റ്റുകൾ പ്രഖ്യാപിത വലതുപക്ഷ രാഷ്ട്രീയ കക്ഷിക്കാരോ, കടുത്ത അനുഭാവികളോ ആയ രണ്ടോ മൂന്നോ പേരിലധികം ഇല്ലായിരുന്നു. ഇന്നതല്ല സ്ഥിതി. സുപ്രധാന സാമ്പത്തിക പത്രങ്ങളുടെ എല്ലാംതന്നെ ചുക്കാൻ പിടിക്കുന്ന പത്രാധിപന്മാർ ഏതാണ്ടെല്ലാവരുംതന്നെ വലതുപക്ഷ സാമ്പത്തിക നയങ്ങളുടെ ശക്തമായ പ്രചാരകരാണ്. ഇക്കണോമിക് ടൈംസിന്റെ സ്വാമിനാഥ അയ്യർ, ഫിനാൻഷ്യൽ എക്സ്പ്രസ്സിന്റെ എ.എം.ഖുസ്രു, ബിസിനസ് സ്റ്റാൻേറർഡിന്റെ ടി.എൻ.നൈനാൻ എന്നീ പത്രാധിപന്മാർ, ബിസിനസ് പത്രങ്ങളായ ബിസിനസ്സ് ഇന്ത്യ, ബിസിനസ്സ് വേൾഡ്. കോളമിസ്റ്റുകളായ ദിലീപ് താക്കൂർ, ദിലീപ് ചെറിയാൻ, ജയ്ദുബാഷി, പ്രേംശങ്കർ ഝാ തുടങ്ങിയവർ ഇവരിൽപ്പെടുന്നു. (ജയ് ദുബാഷിയാകട്ടെ, ബി.ജെ.പിയുടെ സാമ്പത്തിക കാര്യ ഉപദേഷ്ടാവ് കൂടിയാണ്) മുമ്പൊക്കെ സോഷ്യലിസ്റ്റ് അനുകൂലികളായിരുന്നു സാമ്പത്തിക കാര്യ ലേഖകരിൽ ഭൂരിപക്ഷവും. ഇന്ന് സ്ഥിതി നേരെ മറിച്ചായി. മുതലാളിത്തത്തിന്റെ സാമ്പത്തിക നയങ്ങളെ വിമർശിക്കുന്ന കോളമിസ്റ്റുകൾ ഒരു അശോക് മേത്തയോ, ബൽരാജ് മേത്തയോ, സി.പി.ചന്ദ്രശേഖറോ കഴിഞ്ഞാൽ ആരുമില്ല. സമൂഹത്തിന്റെ മൂല്യവ്യവസ്ഥയിലെ മാററത്തിന്റെ വ്യക്തമായ സൂചനയാണിത്.

പുതിയ ''ഹിന്ദുത്വ''യുടെ പ്രചാരകരായ കോളമിസ്റ്റുകൾ ഏറിയതും പുതിയ പ്രതി

ഭാസം തന്നെ. മുമ്പൊക്കെ ഹിന്ദുമതാധിഷ്ഠിത കക്ഷികളുടെ പത്രങ്ങളും, വിരലിലെണ്ണാവുന്ന ഏതാനും പ്രചാരകരും മാത്രമായിരുന്നു ''ഹൈന്ദവത''യുടെ മാധ്യമങ്ങൾ. പക്ഷേ, സ്വതന്ത്ര ചിന്തകർ എന്നറിയപ്പെടുന്ന പ്രശസ്തരായ കോളമിസ്ററുകളുടെ ഒരു നിര തന്നെ ''ഹിന്ദുത്വ''യുടെ പ്രചാരകരായുണ്ട്. ഗിരിലാൽ ജയിൻ, അരുൺ ശൗരി, എം.വി. കമ്മത്ത്, സ്വപൻ ദാസ് ഗുപ്ത തുടങ്ങിയവർ ഇവരിൽ ചിലർ മാത്രം. സാമ്പത്തിക കാര്യങ്ങളിൽ സോഷ്യലിസത്തിന്റെയും ബദ്ധശത്രുക്കളാണിവർ. ഇതിൽ ഗിരിലാൽ ജയിനെപ്പോലെയുള്ളവർ ഏതാണ്ട് സ്വാതന്ത്ര്യലബ്ധിമുതൽ കോൺഗ്രസ്സിന്റെ പ്രത്യേകിച്ച്, രാജീവ്ഗാന്ധി വരെയുള്ള നെഹ്റു കുടുംബക്കാരുടെ ഏററവും അടുത്ത അനുകൂലിയായിരുന്നു. ഇന്ത്യയുടെ പ്രശ്നങ്ങളെല്ലാം നെഹ്റുവിയൻ മതേതരത്വമാണ് കാരണമെന്നാണ് ജയിന്റെ ഇപ്പോഴത്തെ നിലപാട്.

നഗരവാസികൾ വായിക്കുന്ന ഇംഗ്ലീഷ് പത്രങ്ങളിൽ കടുത്ത മുതലാളിത്ത പ്രേമവും, പ്രായേണ ഉൾനാടുകളിലും ഗ്രാമങ്ങളിലും ആധിപത്യമുള്ള ഭാഷാപത്രങ്ങളിൽ വർഗ്ഗീയതയും വിളമ്പുന്ന പുതിയ മാധ്യമഭൂമിക നേരത്തെ പറഞ്ഞ ''ഇന്ത്യൻ യൂപ്പി''യെപ്പോലെ ദ്വിമുഖ ദേവനായ ജാനസിനെ ഓർമ്മിപ്പിക്കുന്നു. പക്ഷേ, ഫാസിസത്തിന്റെ തികച്ചും സയുക്തികവും ലക്ഷ്യവേദിയുമായ സാന്നിദ്ധ്യം തന്നെയാണി രണ്ട് മുഖങ്ങളിലും പ്രകടമെന്ന് തീർച്ച.

## ആധുനികരുടെ കോമ്പല്ല്

രാഷ്ട്രീയത്തിലും സാമ്പത്തിക രംഗത്തും മാധ്യമരംഗത്തും ഒക്കെപ്പോലെതന്നെ സാഹിത്യമേഖലയിലും സമഷ്ടിയെ പുറംതള്ളി ''വ്യക്തി'' ആധിപത്യം തേടുന്നതാണ് കഴിഞ്ഞ രണ്ട് ദശകങ്ങളിലെ കാഴ്ച. കേരളത്തിലെ സാഹിത്യരംഗം ആണ് ഇവിടെ പ്രത്യേക വിശകലനത്തിന് വിധേയമാകുന്നത്.

മനുഷ്യൻ സൃഷ്ടിക്കുന്ന കല സമൂഹത്തിന് നന്മ വരുത്താൻ വഴിതെളിക്കണമെന്ന സങ്കല്പത്തിന് സാഹിത്യ-കലാരംഗങ്ങളിൽ ഏറെക്കാലമായിത്തന്നെ ആധിപത്യം ഉണ്ടായിരുന്നതാണ്. സോഷ്യലിസ്ററ് റിയലിസത്തിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ ടോൾസ്റേറായിക്കും മററും വിശ്വാസമുണ്ടായിരുന്നതും ഇതായിരുന്നല്ലോ. സോഷ്യലിസത്തിന്റെ വരവിനും മററും ശേഷം ഈ സങ്കല്പത്തിന് കൂടുതൽ വ്യക്തമായ പ്രത്യയശാസ്ത്രത്തിന്റെയും മററും അടിസ്ഥാനമുണ്ടായി. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ആദർശ പ്രമാണങ്ങൾ ആഗോളതലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടുവന്നത് ഇതെത്തുടർന്നാണ്. പക്ഷേ, ആധുനികതയുടെയും, ശീതയുദ്ധകാലത്തിന്റെയും ഒക്കെ കാലഘട്ടത്തിൽ പുരോഗമന സാഹിത്യ പ്രസ്ഥാനം ശക്തമായ വിമർശനങ്ങൾക്കിരയായി. 'പുരോഗമന സാഹിത്യ'മെന്ന സങ്കല്പത്തിന്റെ വരട്ടുവാദപരവും യാന്ത്രികവുമായ വ്യാഖ്യാനങ്ങൾ, കലാപരമായ മാനദണ്ഡങ്ങൾ എല്ലാം അവഗണിച്ച് കലാകാരന്റെയും സൃഷ്ടിയുടെയും ലക്ഷ്യത്തിനും പ്രതിബദ്ധതയ്ക്കും ലഭിച്ച അമിതപ്രാധാന്യം, പാർട്ടി ലക്ഷ്യങ്ങൾക്കനുസൃതമായി സാഹിത്യലക്ഷ്യത്തെ സങ്കുചിതപ്പെടുത്തുന്ന സെക്ടേറിയൻ സമീപനം തുടങ്ങിയവ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ഭീകരമായ പാളിച്ചകൾക്കെതിരെയായിരുന്നു, വിമർശനങ്ങൾ ഏറെയും. (വെറും ആന്ററി-കമ്മ്യൂണിസം ചിലരുടെയെങ്കിലും പ്രധാന പ്രേരകശക്തിയായിരുന്നെങ്കിലും). ഈ വിമർശനങ്ങൾ പ്രചരിപ്പിച്ചപ്പോഴും 'കല കലയ്ക്കുവേണ്ടി' എന്ന വാദം ഉയർന്നപ്പോഴും കല സമൂഹത്തിന്റെ നന്മയ്ക്കുതകണമെന്ന അടിസ്ഥാന സങ്കല്പത്തിന് വ്യാപകമായ അംഗീകാരം സാഹിത്യ വൃത്തങ്ങളിൽ ലഭിച്ചിരുന്നില്ല.

എന്നാൽ എഴുപതുകളിൽ സ്ഥിതി മാറുന്നതാണ് കാണുന്നത്. പ്രത്യേകിച്ച് ഇടതുപക്ഷ സാംസ്കാരിക പ്രസ്ഥാനത്തിന് വേരോട്ടമുള്ള കേരളത്തിലെ സ്ഥിതി പരിശോധിച്ചാൽ ഈ മാററത്തിന്റെ ശക്തി മനസ്സിലാകും. 'ആധുനികത'യുടെ കൊടിക്കൂറ ഉയർത്തിക്കൊണ്ട് ഒരു വലിയ സംഘം നിരൂപകർ തന്നെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിനെതിരെ ശക്തിയായ ആക്രമണമഴിച്ചുവിടുന്നത് അക്കാലത്താണ്. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇത്രയും നിശിതമായ വിമർശനം ഏററുവാങ്ങിയ കാലം ഉണ്ടായിട്ടില്ല. അതിനെക്കാളേറെ, സാഹിത്യരംഗങ്ങളിൽ ഈ വിമർശനത്തിന് വ്യാപകമായ അംഗീകാരം നേടാനും കഴിഞ്ഞു എന്നതാണ് പ്രധാനം. തീർച്ചയായും സാമ്പത്തികരംഗത്തെ 'സോഷ്യലിസ്ററ് മാതൃക'യുടെ ഭീമാകാരമായ പാളിച്ചകൾപോലെ സാംസ്കാരികരംഗത്തെ 'സോഷ്യലിസ്ററ് റിയലിസ'ത്തിന്റെയും അഗാധമായ ന്യൂനതകൾ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ വിമർശനത്തിന് വ്യാപകമായ പിന്തുണ നേടിക്കൊടുക്കുന്നതിൽ സഹായിച്ചു. എന്നാലും, സമൂഹത്തിൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ അടിസ്ഥാന സങ്കല്പത്തിന് ഉണ്ടായിരുന്ന മേധാവിത്വം ദുർബലമാകുന്നതു കാണുന്നത് ഈ കാലഘട്ടത്തിൽ തന്നെയാണ്. മുമ്പ് നേടിയെടുക്കാനാകാതിരുന്ന അംഗീകാരം പുരോഗമന സാഹിത്യ വിരുദ്ധ പ്രസ്ഥാനത്തിനു ലഭിച്ചത് മുമ്പ് സാമ്പത്തിക-രാഷ്ട്രീയ-മാധ്യമ മേഖലകളുടെ കാര്യത്തിൽ എന്നപോലെ സമൂഹത്തിന്റെ മൂല്യബോധത്തിൽ വന്ന മാററവുമായി ബന്ധപ്പെട്ടുകാണേണ്ടിയിരിക്കുന്നു.

വരട്ടുവാദപരമായ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിനെതിരെയെന്ന മട്ടിൽ തുടങ്ങിയ വിമർശനം പെട്ടെന്നാണ് സമഷ്ടിയുടെയും സാമാന്യ ജനതയുടെ സാഹിത്യ താല്പര്യത്തിനുമെതിരായി വളർന്നത്. സാമ്പത്തിക തലത്തിൽ സോഷ്യലിസം നേരിട്ട ആക്രമണത്തിന് തുല്യമായ രീതിയിൽത്തന്നെ സാഹിത്യരംഗത്തെ സമഷ്ടിയുടെ പദവിയും ആക്രമണവിധേയമായി. കല പ്രത്യക്ഷത്തിലല്ല, പരോക്ഷമായിപ്പോലും സമൂഹത്തിന്റെ ഉത്കർഷത്തിനുതകുന്നത് കലയുടെ ദൗർബല്യമായിപ്പോലും ചിത്രീകരിക്കപ്പെട്ടു. സാഹിത്യകാരന് രാഷ്ട്രീയവുമായി വിദൂരബന്ധംപോലും ഉണ്ടാകുന്നത് മഹാദുരന്തമായി ചൂണ്ടിക്കാട്ടപ്പെട്ടു. ''വ്യക്തി'' മാത്രമാണ് ചക്രവർത്തിയെന്നും അവന്റെ ആത്മനിഷ്ഠമായ അനുഭവം മാത്രമാണ് സത്യമെന്നുമായി പ്രചാരണം. മുതലാളിത്തത്തിന്റെ ''ഞാൻ'' സാംസ്കാരിക ലോകത്തിന്റെയും അധിപനായി. സമൂഹത്തിനു നേരെ കണ്ണുയയ്ക്കുന്നതു പോകട്ടെ, അതിന് പുറംതിരിഞ്ഞു നില്ക്കുന്ന അന്യൻ മഹത്വവല്ക്കരിക്കപ്പെട്ടു. ''ആരോടും പ്രതിബദ്ധത പാടില്ലാത്ത'' അനുഭവത്തിന്റെ സത്യം മാത്രമറിയുന്ന 'ഒററയാൻ' ആയി മലയാളത്തിന്റെ ആധുനികതാ പ്രസ്ഥാനത്തിന്റെ വീരനായകൻ.

ആത്മനിഷ്ഠത, വ്യക്തിനിഷ്ഠത എന്നിവയ്ക്കു ലഭിച്ച ഈ മഹാധിപത്യത്തെ ഈ കാലഘട്ടത്തിൽത്തന്നെ സമൂഹത്തിന്റെ മററ് മേഖലകളിലെ സമാനമായ മാററവുമായി ചേർത്തു കാണേണ്ടതാണ്. തീർച്ചയായും ഫാസിസത്തിന്റെ ഏററവും വലിയ ശക്തി ഈ സർവാധിപതിയായ വ്യക്തിയുടെ മഹത്വവല്ക്കരണം തന്നെയാണ്. ആധുനികതാ പ്രസ്ഥാനക്കാർ മുഴുവൻ ഫാസിസത്തിനുവേണ്ടി ബോധപൂർവ്വമായ ശ്രമം നടത്തുകയായിരുന്നെന്ന് പ്രഖ്യാപിക്കുകയോ ആ പ്രസ്ഥാനം സാംസ്കാരിക പുരോഗതിക്ക് നല്കിയ സംഭാവന അംഗീകരിക്കാതിരിക്കുകയോ ചെയ്യാൻ ഇവിടെ ഉദ്ദേശമില്ല. പക്ഷേ, വ്യക്തിനിഷ്ഠതയുടെ ആഘോഷങ്ങൾക്ക് വഴികാട്ടിയായ ആധുനികതാ പ്രസ്ഥാനവും ഫാസിസവും തമ്മിലുള്ള ബന്ധത്തെപ്പററി പഠനങ്ങൾ ഒട്ടേറെ വന്നി

**യുപ്പി എന്ന വിശേഷണത്തിൽ അറിയപ്പെടുന്ന ഈ വിഭാഗക്കാരന് റോമൻ മിഥോളജിയിലെ ദേവനായ ജാനസിനെപ്പോലെ (Janus) രണ്ടു മുഖമാണ്. ഒരു മുഖം ശുദ്ധ മുതലാളിത്തത്തിന്റേതാണെങ്കിൽ, മറേറ മുഖം ഫാസിസത്തിന്റേതു തന്നെ.**

ുണ്ട് എന്ന് മറക്കരുത്. 70 കളിൽ പുരോഗമന സാഹിത്യപ്രസ്ഥാന വിരുദ്ധർക്ക് ആരാധനാ വിഗ്രഹങ്ങളും പാശ്ചാത്യ ആധുനികതാ പ്രസ്ഥാനത്തിന്റെ പ്രകാശഗോപുരങ്ങളും ആയ ടി.എസ്. എലിയട്ട്, യേറ്റ്സ്, എസ്രാ പൗണ്ട്, വിൻധാം ലെവിസ്, ഡി.എച്ച്. ലോറൻസ് എന്നിവർക്ക് ഫാസിസത്തോടുണ്ടായിരുന്ന അനുഭാവത്തെക്കുറിച്ച് ജോൺ ഹാരിസൺ രചിച്ച ''ദി റിയാക്ഷണറീസ്'' എന്ന ഗ്രന്ഥമാണ് ഇതിനൊരുദാഹരണം. എസ്രാപൗണ്ടിനെപ്പോലെ മുസ്സോളിനിയുടെയും ഹിററ്ലറിന്റെയും പ്രഖ്യാപിത ആരാധകനും പ്രചാരകനും ആയിരുന്ന ആധുനികതാ പ്രസ്ഥാനക്കാരനായിരുന്ന വിൻധാം ലെവിസിനെപ്പററി ഫ്രെഡറിക് ജെയിംസൺ എഴുതിയ ഗ്രന്ഥം മറെറാരുദാഹരണം. (Fables of Aggression. Windham Lewis Modernist as a Fascist )

പുരോഗമന സാഹിത്യത്തിന്റെ കടുത്ത വിമർശകരായിരുന്ന മലയാളത്തിലെ ആധുനിക നിരൂപകരിൽ പലരും സാഹിത്യത്തിന് രാഷ്ട്രീയവുമായി വിദൂരബന്ധംപോലും പാടില്ലെന്ന് ശഠിച്ചവരാണ്. 'ജനകീയ സാഹിത്യം' എന്നാൽ താണസാഹിത്യം എന്ന് അവർ പുച്ഛിച്ചു. ഇതേ വാദഗതി ആഗോളതലത്തിൽ മുമ്പ് പ്രത്യക്ഷപ്പെട്ടിരുന്നതും, സാംസ്കാരിക രംഗത്തെ ഈ വരേണ്യവാദം (elitism) എങ്ങനെ ജനാധിപത്യവിരുദ്ധവും സമഗ്രാധിപത്യാനുകൂലവും ആകുന്നുവെന്ന് ജോൺ ഹാരിസൺ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

'' കലാകാരൻ സമൂഹത്തിലെ ഉന്നതകുലജാതനാണെന്ന ഭാവം, അയാളുടെ സൃഷ്ടിയുടെ സർവതന്ത്ര സ്വതന്ത്രത, ഗതകാലത്തിന്റെ ആദർശവൽക്കരണം എന്നിവ ശുദ്ധസൗന്ദര്യ പ്രസ്ഥാനത്തിന്റെ അംഗീകൃത വിശ്വാസമായി 19-ാം നൂററാണ്ടിന്റെ ആദ്യം യൂറോപ്പാകെ പ്രചരിച്ചു. ജനാധിപത്യം, സോഷ്യലിസം, ശാസ്ത്രചിന്ത എന്നിവയോടുള്ള എതിർപ്പ് ഈ പ്രചരണത്തിൽ ഉൾക്കൊണ്ടിരുന്നു. സത്യത്തിൽ ജനസാമാന്യത്തിന്റെ അഭിപ്രായങ്ങളോടും സാഹിത്യാഭിരുചിയോടും ഉള്ള എതിർപ്പ് വളരെ എളുപ്പത്തിലാണ് ജനസാമാന്യത്തോടുള്ള എതിർപ്പ് തന്നെയായി മാറുന്നത്. സാധാരണ ജനതയുടെ സംഖ്യ വർധിക്കുകയും, സ്വന്തം അഭിപ്രായങ്ങളും അവകാശങ്ങളും അവർ ഉറപ്പിക്കാനാരംഭിക്കുകയും ചെയ്തു തുടങ്ങുമ്പോൾ ഈ എതിർപ്പിന് ശക്തിയേറുന്നു. ബോദ്‌ലെയ്ർ ജനാധിപത്യത്തെ വെറുത്തിരുന്നയാളാണ്. ഗോയ്ഥെ, കാൻറ്, ഷില്ലർ തുടങ്ങിയവരുടെ പ്രഭുസമാനമായ ശുദ്ധസൗന്ദര്യവാദം ജനാധിപത്യവിരുദ്ധ പ്രവണതകളുടെ ശക്തി വർധിപ്പിക്കുകയും ചെയ്തു. ശുദ്ധസൗന്ദര്യവാദി രാഷ്ട്രീയത്തിൽ പ്രവേശിക്കുമ്പോൾ ബാറെയെപ്പോലെ ജനാധിപത്യത്തെ തിരസ്കരിക്കുകയും ചെയ്യുന്നു...''

സാഹിത്യരംഗത്ത് കാല്പനികാപ്രസ്ഥാനം ശക്തമാകുന്നത് പലപ്പോഴും സമഗ്രാധിപത്യത്തിന് സഹായകമായിട്ടുണ്ടെന്നും ജോൺസൺ പറയുന്നു. 19-ാം നൂററാണ്ടിന്റെ ആദ്യകാലത്തെ റൊമാൻറിക് പ്രസ്ഥാനവും ഹിററ്ലറിന് തൊട്ടുമുമ്പു വളർന്ന നിയോ-റൊമാൻറിക് പ്രസ്ഥാനവും ജോൺസൺ ഉദാഹരണമായെടുത്തു വിശദീകരിക്കുന്നുണ്ട്.

യുക്തിപരത, വസ്തുനിഷ്ഠത, ശാസ്ത്രീയ സമീപനം എന്നിവയ്ക്കു മേൽ ആത്മനിഷ്ഠത, യുക്തിരാഹിത്യം, ശാസ്ത്രവിരോധം എന്നിവ വിജയിച്ച് മേധാവിത്വം നേടുകയും, രഹസ്യവാദം (മിസ്റ്റിസിസം) ഒക്കൾട്ട് തുടങ്ങിയ പരിപാടികൾ ആഘോഷിക്കപ്പെടുകയും ചെയ്യുന്നത് പലപ്പോഴും കാല്പനികതയുടെ ശക്തമായ ഘട്ടങ്ങളിലാണ്. ഫാസിസത്തിന്റെ ഊർജ്ജസ്രോതസ്സുകൾ എപ്പോഴും യുക്തിക്ക് നിരക്കാത്ത വിശ്വാസം, വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾക്ക് വിധേയമാകാത്ത ആന്തരികത എന്നിവയായതിനാൽ കാല്പനിക ഘട്ടങ്ങളിൽ ശക്തമാകുന്ന യുക്തിവിരുദ്ധമായ മനോഭാവം സമഗ്രാധിപത്യത്തിന് എത്ര സഹായകമാണെന്ന് ജോൺസൺ പറയുന്നുണ്ട്. (ഹിററ്ലറിന്റെ ആര്യവംശ മഹിമ, ആധുനിക ഇന്ത്യയിലെ ശ്രീരാമജന്മഭൂമി തുടങ്ങി ചരിത്രമോ, നിയമമോ, വസ്തുനിഷ്ഠ തെളിവുകളോ ബാധകമാകാത്ത 'വിശ്വാസ'ത്തിന്റെ മേൽ മാത്രം സൃഷ്ടിക്കപ്പെട്ട സങ്കല്പനങ്ങളെക്കുറിച്ച് ഓർക്കുക.) 19-ാം നൂററാണ്ടിന്റെ ആദ്യകാലത്തെ ജർമൻ റൊമാൻറിക്കുകളായ ആർണിം, ക്ലെയ്സ്ററ് തുടങ്ങിയവർ സമഗ്രാധിപത്യവാദികളായ പ്രഷ്യയിലെ ജങ്കർമാരെയും, ഹിററ്ലറിന് മുമ്പുള്ള കാലത്തെ നിയോ-റൊമാൻറിക്കുകളായ കെയ്സെർലിങ്, യീററ്സ്, ലോറൻസ് എന്നിവർ ഫാസിസത്തെയും അനുകൂലിച്ച ഉദാഹരണങ്ങൾ ജോൺസൺ അവതരിപ്പിക്കുന്നുണ്ട്.

(അവസാനിക്കുന്നില്ല)



CICERONE MA 9301

## രാധാകൃഷ്ണൻ എം.ജി



### ദംഷ്ട്രയും നെറ്റിക്കണ്ണും തെളിയുമ്പോൾ – 4

# സിനിമ: അഥൈനയുടെ കണ്ണാടി

സമൂഹത്തിൽ മേധാവിത്വം നേടി വരുന്ന പുതിയ മൂല്യങ്ങളുടെ അനുരണനങ്ങൾ സാംസ്കാരികതലത്തിലെ എല്ലാ ഉല്പന്നങ്ങളുടെയും പാഠങ്ങളിൽ ദൃശ്യമാകുമെങ്കിലും കച്ചവടസിനിമപോലെ ജനതയുടെ ഉപബോധതലത്തിലെ ആശയാഭിലാഷങ്ങൾ പ്രതിഫലിക്കുന്ന മറ്റൊരു കലാരൂപം ആധുനികകാലത്ത് ഇല്ലെന്നാണ് വിദഗ്ദ്ധമതം. ഐതിഹ്യങ്ങൾ, മിത്തുകൾ, മുത്തശ്ശിക്കഥകൾ എന്നിവയ്ക്കൊപ്പമാണ് ഇക്കാര്യത്തിൽ ചലച്ചിത്രത്തിന്റെ സ്ഥാനമെന്ന് പ്രശസ്ത സൈക്കോഅനലിസ്റ്റായ സുധീർ കക്കർ ചൂണ്ടിക്കാട്ടുന്നു.[1] ജനസാമാന്യത്തിന്റെ നിഗൂഢമായ ആഗ്രഹങ്ങളും അവയ്ക്ക് അവർ ആഗ്രഹിക്കുന്ന സാക്ഷാത്കാരവുമാണ് സമൂഹത്തിന്റെ കളക്ടീവ് ഫാന്റസിയായ ചലച്ചിത്രമെന്ന് കക്കർ പറയുന്നു.

മറ്റു പല മേഖലകളിലും തിരനോട്ടം നടത്തുന്ന ഇന്ത്യൻ ഫാസിസം ഇന്ന് ഏറ്റവും ശക്തമായ സാന്നിദ്ധ്യം പ്രകടമാക്കിയിട്ടുള്ളതും ഇന്ത്യൻ കമ്പോളസിനിമയിലാണ് എന്നത് സമൂഹത്തിന്റെ മാറുന്ന മൂല്യങ്ങളുടെ സുവ്യക്തമായ പ്രതിഫലനമാണ്. മറ്റു മേഖലകളിലെന്നപോലെ, രാഷ്ട്രീയരംഗത്ത് വളർന്ന ഫാസിസത്തിന്റെ കൈപിടിച്ചുകൊണ്ട്, തുല്യമായ ഗതിവേഗത്തിൽത്തന്നെയാണ് സിനിമയിലും ഫാസിസത്തിന്റെ വളരുന്ന സാന്നിദ്ധ്യം എന്നതാണ് ശ്രദ്ധേയം. 1970–കളിൽ രാഷ്ട്രീയതലത്തിൽ മുഖംകാട്ടിയ ഫാസിസം, അപരന്റെ ആരാധനാലയം തകർത്ത ഡിസംബർ ആറിലേക്ക് എത്തുന്നതിനൊപ്പം ക്രമാനുഗതമായിത്തന്നെ ഈ ചക്രം ചലച്ചിത്രത്തിലും തിരിയുന്നതു കാണാം.

1970–കളിൽ ഇന്ത്യൻ കച്ചവടസിനിമയുടെ പ്രമേയങ്ങൾ ഫാസിസത്തിന്റെ ആദ്യാങ്കുരങ്ങൾ കാണിച്ചതെങ്ങനെയെന്ന് പരിശോധിക്കാം. ജനാധിപത്യ വ്യവസ്ഥയ്ക്ക് അത് കൈയാളുന്ന വർഗ്ഗംതന്നെ പുഴുക്കുത്ത് ഏല്പിക്കുമ്പോൾ, സാധാരണ ജനതയ്ക്ക് ഈ വ്യവസ്ഥയിൽത്തന്നെയുണ്ടാകുന്ന അവിശ്വാസം മുതലെടുത്ത് അനീതികൾക്കെതിരെ ആഞ്ഞടിക്കുന്നു എന്ന മട്ടിൽ ഇറങ്ങുന്ന കലാരൂപങ്ങളിലെ പ്രോട്ടോഫാസിസത്തെപ്പറ്റി ജോൺ ഹാരിസന്റെ ദ റിയാക്ഷണറീസിന്റെ മുഖവുരയിൽ വില്യം എംപ്സൺ പറയുന്നുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദ്യം വന്ന ഹിലേർ ബെല്ലോക്കിന്റെ (1870–1953) ഹാസ്യനോവലുകളിൽ പാർലമെന്ററി ജനാധിപത്യത്തിന്റെ ജീർണ്ണതകൾ ചിത്രീകരിക്കുന്നത് എങ്ങനെ സമഗ്രാധിപത്യത്തെ സഹായിക്കുന്നുവെന്ന് എംപ്സൺ ചൂണ്ടിക്കാട്ടുന്നു.

“സമ്പന്നരുടെ ഒരു ചെറുസംഘം ഭരിക്കുന്നതിനു കണ്ടെത്തുന്ന ഒരു മറ മാത്രമായി പാർലമെന്റിനെ ബെല്ലോക്ക് വിമർശനവിധേയമാക്കുന്നു... വോട്ടിംഗ് സമ്പ്രദായംതന്നെ ജനത്തെ പറ്റിക്കാനുള്ള പരിപാടിയായി പരിഹസിക്കപ്പെടുന്നു. സ്ഥിതിഗതി അത്ര വഷളായിരുന്നതിനാൽ ഇതൊക്കെ ജനത്തിനിടയിൽ നന്നായി ചെലവാകുകയും ചെയ്തു. സത്യസന്ധരായ പലരും വിളിച്ചു പറയണമെന്നാഗ്രഹിച്ച കാര്യങ്ങളായിരുന്നു ഇവയൊക്കെ. പക്ഷേ, ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ ഇത്തരം ചിത്രീകരണം എത്ര അപായകരമായിരുന്നുവെന്ന് മനസ്സിലാകുന്നു. ആധുനിക ജനാധിപത്യവ്യവസ്ഥയ്ക്ക് എന്നത്തേക്കാളേറെ ഇന്ന് രഹസ്യബാലറ്റും, വിശാലമായ ഇലക്ടറേറ്റുമൊക്കെ അടിയന്തരാവശ്യമാണ്. അതല്ലെങ്കിൽ ഭ്രാന്തനായ ഒരു സ്വേച്ഛാധിപതിക്കോ, മറ്റു നിക്ഷിപ്ത താല്പര്യക്കാർക്കോ, എത്ര എളുപ്പമാകും കാര്യങ്ങൾ...”

**ജനാധിപത്യത്തെ അട്ടിമറിക്കുന്ന ആംഗ്രി യംഗ് മാൻ തുടക്കത്തിൽ മതവും ജാതിയും ഇല്ലാത്ത സെക്കുലർ ഫാസിസ്റ്റായിരുന്നെങ്കിൽ രാഷ്ട്രീയതലത്തിൽ സവർണ്ണമുഖം അവനു സിദ്ധിച്ചപ്പോൾ സിനിമയിലും ആംഗ്രി യംഗ് മാൻ സവർണ്ണനായി മാറി. യാദൃച്ഛികമായിരുന്നില്ല ഇത്. കാരണം ഈ പുതിയ നായകന്റെ സവർണ്ണത്വവും ആകസ്മികമായിരുന്നില്ല. ആ ചിത്രങ്ങളിൽ പുതിയ സവർണ്ണനായകന്റെ സവർണ്ണ ഹിന്ദുത്വം ആവർത്തിച്ചു ചൂണ്ടിക്കാട്ടപ്പെട്ടിരുന്നു.**

ഇന്ത്യൻ കച്ചവടസിനിമയിൽ കഴിഞ്ഞ രണ്ടു ദശകങ്ങളിലെ ഏറ്റവും പ്രിയങ്കരമായ പ്രമേയം ഇതല്ലാതെ മറ്റൊന്നുമായിരുന്നില്ല. ഇന്ത്യയിൽ ഇന്ന് ജനാധിപത്യ സമ്പ്രദായവും അതിന്റെ അടിസ്ഥാനശിലകളായ ബഹുകക്ഷി സമ്പ്രദായവും, രാഷ്ട്രീയവുമൊക്കെ ഒട്ടേറെ ന്യൂനതകൾ ഉള്ളവയാണ്.

ഈ ദുസ്ഥിതി മാറേണ്ടത് അടിയന്തരാവശ്യവുമാണ്. പക്ഷേ, ഇക്കഴിഞ്ഞ ദശകങ്ങളിലിറങ്ങിയ സിനിമകൾ ബഹുഭൂരിപക്ഷവും ജനാധിപത്യത്തിന്റെ ന്യൂനതകളോടുള്ള ജനസാമാന്യത്തിന്റെ അസഹിഷ്ണുത മുതലാക്കിക്കൊണ്ട് പാർലമെന്ററി വ്യവസ്ഥ, രാഷ്ട്രീയകക്ഷി വ്യവസ്ഥ, തിരഞ്ഞെടുപ്പ് എന്നിങ്ങനെ ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകങ്ങളെത്തന്നെ അപഹസിച്ചുകൊണ്ട് ജനതയ്ക്ക് അവയിൽ വിശ്വാസം നഷ്ടപ്പെടുത്തുന്നതിന് ആഹ്വാനം ചെയ്യുന്നവതന്നെയായിരുന്നു.

സ്വന്തം വർഗ്ഗതാല്പര്യങ്ങൾ മാത്രം സംരക്ഷിക്കാൻ നിലകൊള്ളുന്ന, ജീർണ്ണത ബാധിച്ച ഭരണവർഗ്ഗത്തിന്റെ കരങ്ങളിൽനിന്ന് പുഴുക്കുത്തേറ്റ പാർലമെന്ററി വ്യവസ്ഥ, അതിന്റെ അടിസ്ഥാനശിലയായ ബഹുപാർട്ടി സമ്പ്രദായം, കോടതി എന്നിവയെ സംബന്ധിച്ചൊക്കെ ജനതയ്ക്കുണ്ടാകുന്ന അവിശ്വാസം

മുതലെടുത്ത് ഇവയെയൊക്കെ അട്ടിമറിക്കുന്ന ഒരു 'അതിമാനുഷൻ'കൂടി രംഗത്തെത്തിയപ്പോൾ കൂടുതൽ വ്യക്തമായ ഫാസിസ്ററ് സ്വഭാവം ഈ ചിത്രങ്ങൾ ഉൾക്കൊണ്ടു. ജനതയുടെ എല്ലാ ദുരിതങ്ങളും അകററാൻ കച്ചകെട്ടിയിറങ്ങുന്ന ഈ ''മിശിഹ'' സമഗ്രാധിപത്യത്തിന്റെ മൂർത്തിതന്നെയാണ്. രാഷ്ട്രീയതലത്തിൽ ഇങ്ങനെ പ്രത്യക്ഷപ്പെട്ട മിശിഹകളായിരുന്നല്ലോ ഹിററ്ലറും മുസ്സോളിനിയുമൊക്കെ.

ഈ അതിമാനുഷനായ രക്ഷകൻ ഇന്ത്യൻ കമ്പോളസിനിമയിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് രാഷ്ട്രീയതലത്തിലും മററും തലയുയർത്തിയ ഫാസിസത്തിന്റെ കാലഘട്ടമായ 1970-കൾതന്നെയാണ്. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച 1975-ൽത്തന്നെയാണ് കിറുകൃത്യമായ ഈ അതിമാനുഷൻ ഇന്ത്യൻ കമ്പോളസിനിമ കൈയടക്കിയതെന്നത് ഏററവും ശ്രദ്ധിക്കേണ്ട വസ്തുതയാണ്. ഒരു ചലച്ചിത്ര പ്രസ്ഥാനത്തിനുതന്നെ തുടക്കം കുറിച്ച 'ദീവാർ' ആയിരുന്നു ഈ ചിത്രം. അമിതാഭ് ബച്ചൻ ഐതിഹാസികമാനം നല്കിയ 'ആംഗ്രി യംഗ് മാൻ' (രോഷാകുലനായ യുവാവ്) ആയിരുന്നു ഈ ചിത്രത്തിലെ നായകനായ അതിമാനുഷൻ. അമിതാഭിനെ ഇന്ത്യൻ സിനിമകണ്ട ഏററവും വലിയ സൂപ്പർ താരമാക്കിയ ഈ കഥാപാത്രം പിന്നീടു വന്ന എണ്ണമററ ചിത്രങ്ങളിലും പ്രത്യക്ഷപ്പെട്ടു. ഇന്ത്യൻ കമ്പോളസിനിമയിൽ ആംഗ്രി യംഗ് മാൻ പ്രസ്ഥാനത്തിനുതന്നെയാണ് ഇവിടെ തുടക്കമായത്. അഴിമതിയിൽ കുളിച്ച ജനാധിപത്യ വ്യവസ്ഥയെയും രാഷ്ട്രീയ കക്ഷികളെയും അവസാനം കോടതിയെപ്പോലും അട്ടിമറിച്ചുകൊണ്ട് തലയുയർത്തി നടന്നു ഈ രോഷാകുലൻ. എല്ലാ പ്രശ്നങ്ങൾക്കും വളരെ ലളിതമായ പരിഹാരമാണ് ഈ രോഷാകുലന് ഉണ്ടായിരുന്നത്. അഴിമതിക്കാരായ രാഷ്ട്രീയക്കാരെയും, ന്യായാധിപന്മാരെയുമൊക്കെ ഒററയ്ക്കു വെടിവച്ചു കൊന്ന് നിർമ്മാർജ്ജനം ചെയ്യുക. ജനാധിപത്യത്തിന്റെ എല്ലാ സ്ഥാപനങ്ങൾക്കും വിശ്വാസം നഷ്ടപ്പെട്ട ജനത ഇങ്ങനെയൊരു നായകനെ കൈനീട്ടി സ്വീകരിച്ചത് സ്വാഭാവികമാണല്ലോ. രാഷ്ട്രീയതലത്തിൽ ഹിററ്ലറെയും മുസ്സോളിനിയെയും ജനം സ്വീകരിച്ചതും ഇപ്രകാരം തന്നെയായിരുന്നു. 1975-ൽ തുടങ്ങിയ ഈ ഫാസിസ്ററ് നായകന്റെ ചിത്രങ്ങൾ 20 വർഷത്തോളം കഴിഞ്ഞിട്ടും ഇനിയും അവസാനിച്ചിട്ടില്ല. ഹിന്ദി സിനിമയിൽ ഏററവും വലിയ ഹിററുകളായിത്തീർന്ന കാലിയ, കൂലി, ഷോലെ, ത്രിശൂൽ, നാസ്തിക്, ഖുദ്ദാർ, ഷാൻ, ശക്തി, അഗ്നിപഥ് തുടങ്ങി ഹിന്ദിസിനിമയിലെ അമിതാഭ്കാലഘട്ടം മുഴുവൻ ഈ അതിമാനുഷന്റെ അട്ടിമറികളുടെ കഥകളാണ്. ഫാസിസമെന്ന ആശയത്തിന്റെ പ്രാഗ്രൂപങ്ങളുടെ പ്രണേതാക്കളായിരുന്ന കാർലൈലിന്റെ അതിശക്തനായ 'ഹീറോ'യും നീച്ചേയുടെ 'സൂപ്പർമാനും'' ഈ ആംഗ്രി യംഗ് മാന്റെ പതിപ്പുകൾതന്നെയാണ്. ഹിന്ദിസിനിമയിൽ അക്കാലംവരെ പ്രധാന സ്ഥാനങ്ങൾ വഹിച്ച കഥാനായകന്മാരെ പ്രത്യേകിച്ച് പ്രണയനായകന്മാരെയും പ്രണയത്തെയും ഒക്കെ ഈ ആംഗ്രി യംഗ് മാൻ അടിച്ചു പുറത്താക്കുകയായിരുന്നു. സ്ത്രീകഥാപാത്രങ്ങളെ അപ്രസക്തമാക്കിയതും ഈ ഫാസിസ്ററ് നായകൻതന്നെ. ഫാസിസം എന്നും പുരുഷാധിപത്യത്തിന്റെ ആഘോഷമായിരുന്നല്ലോ.

ഈ ആംഗ്രി യംഗ് മാൻ പ്രതിഭാസം ഇന്ത്യൻ ഫാസിസംപോലെതന്നെ ഒരു അഖിലേന്ത്യാ പ്രോജക്ട് ആവുകയായിരുന്നു. മറെറല്ലാ ചേരിതിരിവുകളും അപ്രസക്തമാക്കിക്കൊണ്ട് ആംഗ്രി യംഗ് മാൻ എല്ലാ ഭാഷാചിത്രങ്ങളിലും കടന്നുവന്നു. ഇന്ത്യൻ ഫാസിസത്തിന് ഇന്ത്യൻ സമൂഹം മുഴുവൻ ഒരു വിപണിയാണെന്നു തെളിയിക്കുന്നതായിരുന്നു ഈ നായകന്റെ ദേശീയതല വിജയം. അമിതാഭിന്റെ അതേ ശൈലിയിൽ ജനാധിപത്യത്തെയും, രാഷ്ട്രീയ കക്ഷികളെയും കോടതിയെയും ഒക്കെ അട്ടിമറിക്കുന്ന അതിമാനുഷനായ രക്ഷകനെ മോഹൻലാലിന്റെയും മമ്മൂട്ടിയുടെയുമൊക്കെ രൂപത്തിൽ നാം മലയാളത്തിലും ആവർത്തിച്ചു കണ്ടു. നായകന്മാർക്ക് തോക്ക് താഴെ വയ്ക്കാൻ സമയം കിട്ടാതിരുന്ന ഇത്തരം ചിത്രങ്ങളിൽ അങ്ങാടി, ഇരുപതാം നൂററാണ്ട്, ഭൂമിയിലെ രാജാക്കന്മാർ, ന്യൂഡെൽഹി, നാടുവാഴികൾ, രാജാവിന്റെ മകൻ എന്നിങ്ങനെ ധാരാളമുണ്ട്. ഇപ്പോഴും ഈ 'നായകൻ' വിലസുന്ന ചിത്രങ്ങൾ ഇറങ്ങുന്നുണ്ട്. മൂല്യങ്ങളിൽ പരിണാമം സംഭവിച്ച ജനത തങ്ങളുടെ ആശയാഭിലാഷസാക്ഷാത്കാരം ഈ ഫാസിസ്ററുകളിൽ കണ്ടത് ഇന്ത്യൻ അവസ്ഥയുടെ പ്രതിഫലനമാകുന്നു.

70-കൾ മുതൽ ഇന്ത്യൻ സമൂഹത്തിൽ ഏറിവന്ന ക്രിമിനലൈസേഷനായിരുന്നു ഈ ചിത്രങ്ങളുടെ മുഖമുദ്രയായ വയലൻസിന്റെയും യഥാർത്ഥ അടിസ്ഥാനം. ഇതോടൊപ്പം ഈ ചിത്രങ്ങളിലെ കഥാപാത്രങ്ങളുടെ വമ്പിച്ച സമ്പൽസമൃദ്ധി, ഉപഭോഗവസ്തുക്കളുടെ ആധിക്യം എന്നിവ സമൂഹത്തിൽ ഏറിവന്നിരുന്ന ഉപഭോഗവല്ക്കരണം, കള്ളപ്പണം എന്നിവയുടെയും പ്രതിഫലനമായിരുന്നു എന്ന് രഘുനാഥ് റെയ്നയും രേഖപ്പെടുത്തുന്നു.[2]

ഫാസിസത്തിന്റെ ശക്തികളിൽ പ്രധാനമാണ് പൊലീസ്, സൈന്യം തുടങ്ങിയ 'യൂനിഫോം' വിഭാഗങ്ങൾ. യൂനിഫോമിനോടുതന്നെ സമഗ്രാധിപത്യത്തിനുണ്ടായിരുന്ന അഭിനിവേശം മുസ്സോളിനിയുടെ കറുത്ത കുപ്പായക്കാരുടെ ഉദാഹരണത്തിൽ തെളിയുന്നു. ഇന്ത്യൻ സിനിമയിൽ പാർലമെൻററി വ്യവസ്ഥയെ പുറത്തുനിന്ന് അട്ടിമറിച്ച് വിജയിയാകുന്ന അതിമാനുഷനോടൊപ്പം തന്നെ ഇതേ കാലഘട്ടത്തിൽ മറെറാരു പ്രതിഭാസവും ഉണ്ടായി. യൂനിഫോമിട്ട വിഭാഗങ്ങളെ മഹത്വവല്ക്കരിക്കുക. ജനകീയ പ്രതിനിധി പെരുംകള്ളനാണെന്ന് കാണിക്കുന്നതിനോടൊപ്പം സത്യസന്ധനും ആദർശവാനുമായ പൊലീസുകാരനെ അവതരിപ്പിക്കുക. ഫാസിസത്തിന്റെ പ്രിയങ്കരമായ ഈ കഥാപാത്രസൃഷ്ടിക്ക് ഇക്കാലത്തുതന്നെ ഇന്ത്യൻ സിനിമയും വിധേയമായി. രാഷ്ട്രീയക്കാരനെന്ന ശല്യത്തെ കൊന്ന് കാര്യം നടത്തുന്ന ഈ പൊലീസുകാരൻ ഏറെക്കാലം മലയാള സിനിമയിലും ഗ്ലാമർതാരമായി വിലസിയതോർക്കുക. ശില്പസൗന്ദര്യത്തിൽ മുന്നിൽനിന്ന ചിത്രങ്ങളിൽപ്പോലും ഈ ഫാസിസ്ററ് കഥാപാത്രം സന്നിഹിതനായി. ഉദാഹരണം ഗോവിന്ദ് നിഹ്ലാനിയുടെ 'അർദ്ധസത്യ'. ഓംപുരി വേഷമിട്ട 'ധീരനായ' അനന്ത്‌വേലാങ്കർ എന്ന പൊലീസുദ്യോഗസ്ഥൻ അഴിമതി മുഖമുദ്രയായ ഒരു വ്യവസ്ഥയുടെ രക്തസാക്ഷിയാണ്. പുഴുക്കുത്തേററ ജനാധിപത്യ വ്യവസ്ഥയുടെ രക്തസാക്ഷിയായ സത്യസന്ധനായ പൊലീസുകാരൻ നായകനായ കഥകളും സിനിമകളും ഉൾക്കൊള്ളുന്ന ഫാസിസ്ററ് സന്ദേശങ്ങൾ ചർച്ചാവിഷയമായിട്ടുണ്ട്. ക്ളിൻറ് ഈസ്ററ്‌വുഡ് നായകനായി ഹാരി കല്ലഗനായി അഭിനയിച്ച ''ഡർട്ടി ഹാരി'' ചിത്രങ്ങളുടെ ഹോളിവുഡ് പരമ്പരകളെക്കുറിച്ചുള്ള പഠനങ്ങൾ ഉദാഹരണം. 'ഡർട്ടി ഹാരി'യിലെ 'ഹാരി കല്ലഗൻ' എന്ന ''സത്യസന്ധനായ പൊലീസുകാര''നെ തനി ഫാസിസ്ററായാണ് വിഖ്യാത ചലച്ചിത്ര നിരൂപക പൗലിൻ കീൽ വിശേഷിപ്പിച്ചത്.

1970 കൾ മുതൽ ഇന്ത്യൻ കമ്പോളസിനിമയിൽ ആധിപത്യം നേടിയ മേല്പറഞ്ഞ തരം ചിത്രങ്ങൾ ഇതേകാലത്ത് രാഷ്ട്രീയതലത്തിൽ വളർന്നുവന്ന ഫാസിസത്തോടു ചേർത്തു വായിക്കേണ്ടതാണ്.

## സവർണ്ണന്റെ പ്രതികാരം

ഇന്ത്യൻ ഫാസിസത്തിന്റെ എഴുപതുകൾ മുതലുള്ള വളർച്ചയിലെ രണ്ടാംഘട്ടമായിരുന്നു സംവരണ വിരുദ്ധ കലാപങ്ങളുടെ കാലം. 'ഹിന്ദുത്വ' എന്ന ഏക ശിലാസങ്കല്പത്തിലെ അടിസ്ഥാന വൈരുദ്ധ്യങ്ങളായ ജാതീയമായ ഉച്ചനീചത്വങ്ങൾ മറനീക്കിയ സംവരണവിരുദ്ധ കലാപങ്ങൾക്ക് ചുക്കാൻ പിടിച്ചതും ഫാസിസ്ററ് ശക്തികൾതന്നെയായിരുന്നല്ലോ. ഗുജറാത്ത്, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിലെ സർവ്വകലാശാലകളിൽ ആരംഭിച്ച സംവരണവിരുദ്ധ സമരം ഭീകരമായി ആളിപ്പടർന്നത് വി.പി. സിംഗിന്റെ കാലത്തെ മണ്ഡൽ വിരുദ്ധ പ്രക്ഷോഭത്തോടെയായിരുന്നു. മണ്ഡൽവിരുദ്ധ സമരത്തിന്റെ മറെറാരു മുഖവും, 'ഹിന്ദുത്വ'യുടെ വൈരുദ്ധ്യങ്ങൾക്കുമേൽ മറയിടാനുള്ള ശ്രമവുമായി അയോദ്ധ്യയിലേക്കു നടന്ന രഥയാത്ര. ഡിസംബർ 6 ലേക്ക് കലാശിച്ച അക്രമസംഭവപരമ്പരകളുടെ തുടക്കവുമായി ഇത് രാഷ്ട്രീയതലത്തിൽ സവർണ്ണ ഫാസിസം നടത്തിയ ഈ രഥയാത്രയുടെ മുഴക്കം ഇതേ കാലഘട്ടത്തിൽ കമ്പോളസിനിമയിലും പ്രതിധ്വനിച്ച കാര്യം അധികമാരും ശ്രദ്ധിച്ചില്ല. രാഷ്ട്രീയതലത്തിൽ ഫാസിസം വച്ച അടുത്ത ചുവടുവയ്പ് സിനിമയിലും കൈകോർത്തു പിടിച്ചുകൊണ്ടുതന്നെ മുന്നോട്ടു വയ്ക്കുകയായിരു

പ്രസിദ്ധീകരിച്ചു

## കേരളപഠനങ്ങൾ 1

പത്രാധിപർ : കെ. ടി. റാംമോഹൻ

'സർപ്പവും' കേരളീയരും
എസ്. രാജു

'കൊളോണിയലിസ' വും
ദേശീയതയും : വൈകുണ്ഠസ്വാമി പ്രസ്ഥാനം
എം. എസ്. എസ്. പാണ്ഡ്യൻ

'കേരളചരിത്രം' : പുസ്തകനിരൂപണം
എം. ജി. എസ്. നാരായണൻ

പ്രളയവും വരൾച്ചയും
ഡാർളി ജോസ്

കർഷകതൊഴിലാളികളുടെ
പുനരധിവാസം : അനുഭവപാഠങ്ങൾ
പി. ശിവാനന്ദൻ

ചുമട്ടുതൊഴിലാളികളെക്കുറിച്ച്
പി. എസ്. വിജയശങ്കർ

കൃഷിഗീത : പാഠവും പഠനവും
എം. ഗംഗാധരൻ

ഒരു നൂറ്റാണ്ടിന്റെ കഥ
പി. ഭാസ്കരനുണ്ണിയുടെ
പുസ്തകത്തെക്കുറിച്ച്
പി. കെ. മൈക്കിൾ തരകൻ

പി. എസ്. രാജന്റെ ശിൽപ്പങ്ങൾ
കെ. ജി. ശങ്കരപ്പിള്ള

ഗ്രാമീണ വംശവൃക്ഷത്തിന്റെ
ദൃശ്യങ്ങൾ : കെ. കെ. ശശിയുടെ ചിത്രങ്ങൾ
വിജയകുമാർ മേനോൻ

കേരള ഇക്കണോമിക്
റെവ്യൂ 1992 : വിശകലനം
കെ. മുരളീധരൻ

**ചിത്തിര**
പ്രിന്റേഴ്സ് ആന്റ് പബ്ലിഷേഴ്സ്
39/2507, ദിവാൻസ് റോഡ്
കൊച്ചി-682 016.
ത്രൈമാസികം ഒറ്റപ്രതി 15 രൂപ
വാർഷികം 50 രൂപ
ചെക്ക്/ഡ്രാഫ്റ്റ്/മണിയോർഡർ
ചിത്തിര പ്രിന്റേഴ്സ്
ആന്റ് പബ്ലിഷേഴ്സിന്റെ പേരിൽ
ചെക്കിൻമേൽ കളക്ഷൻ ചാർജിനത്തിൽ
എട്ടുരൂപ അധികം ചേർക്കുക.


ന്നുവെന്ന് ചുരുക്കം. ദുർബ്ബലനും കോമാളിയുമായി ചിത്രീകരിക്കപ്പെടുന്ന സവർണ്ണൻ സ്വന്തം ശക്തി തിരിച്ചറിയുകയും പ്രതികാരവാഞ്ഛയോടെ പ്രത്യാക്രമണം നടത്തുകയും ചെയ്യുന്ന സിനിമകൾ ഇക്കാലത്ത് വിവിധ ഭാഷകളിൽ അരങ്ങേറി.

ജനാധിപത്യത്തെ അട്ടിമറിക്കുന്ന ആംഗ്രി യംഗ് മാൻ തുടക്കത്തിൽ മതവും ജാതിയും ഇല്ലാത്ത സെക്കുലർ ഫാസിസ്ററായിരുന്നെങ്കിൽ രാഷ്ട്രീയതലത്തിൽ സവർണ്ണമുഖം അവനു സിദ്ധിച്ചപ്പോൾ സിനിമയിലും ആംഗ്രി യംഗ് മാൻ സവർണ്ണനായി മാറി. യാദൃച്ഛികമായിരുന്നില്ല ഇത്. കാരണം ഈ പുതിയ നായകന്റെ സവർണ്ണത്വം യാദൃച്ഛികമായിരുന്നില്ലെന്നതുതന്നെ. ഈ ചിത്രങ്ങളിൽ പുതിയ സവർണ്ണനായകന്റെ സവർണ്ണ ഹിന്ദുത്വം ആവർത്തിച്ച് ചൂണ്ടിക്കാട്ടപ്പെട്ടിരുന്നു. മലയാളത്തിലിറങ്ങിയ ഒരു സി.ബി.ഐ ഡയറിക്കുറിപ്പ്, അയ്യർ ദ ഗ്രേററ് എന്നീ ചിത്രങ്ങളിലെ നായകൻ ഈ വംശത്തിൽ പെട്ടവനാണ്. ഇവയിലെ നായകനായ അയ്യർ (മമ്മൂട്ടി) എന്ന ബ്രാഹ്മണൻ തന്റെ ബ്രാഹ്മണത്വ ചിഹ്നങ്ങളെല്ലാം പ്രത്യക്ഷമായും പരസ്യമായും വഹിക്കുന്നയാളാണ്. ഈ ചിഹ്നങ്ങൾ ആവർത്തിച്ച് വ്യക്തമാക്കപ്പെടുന്നുമുണ്ട്. പരമ്പരാഗത ധാരണയനുസരിച്ച് ദൗർബല്യത്തിന്റെ ചിഹ്നങ്ങളായിരുന്ന ഈ ചിഹ്നങ്ങളെല്ലാം തന്റെ ശക്തിയുടെ ചിഹ്നങ്ങളാക്കി മാററിക്കൊണ്ടാണ് അയ്യർ ആഞ്ഞടിക്കുന്നത്. ചിത്രത്തിന്റെ പരോക്ഷപാഠങ്ങളിലെല്ലാം നായകൻ ക്രുദ്ധനായ ബ്രാഹ്മണനാണ്. ഈ നായകൻ എത്ര വിജയകരമായൊരു കഥാപാത്രമായിരുന്നു എന്നതിന് രണ്ടു വ്യത്യസ്ത സംവിധായകർ ഇതേ കഥാപാത്രത്തെ നായകരാക്കി ചിത്രമെടുത്തതാണ് ഉദാഹരണം. (ഭദ്രൻ, കെ. മധു)

സവർണ്ണന്റെ പ്രതികാരത്തിന്റെ കഥ പറയുന്ന ഈ കാലഘട്ടത്തിലെ മറെറാരു ചിത്രമാണ് പ്രിയദർശന്റെ 'ആര്യൻ'. (പേരെത്ര അനുയോജ്യം!) സവർണ്ണ പ്രതികാരചിത്രങ്ങളിലെതന്നെ അടുത്തപടിയാണ് ഈ ചിത്രം. ഇതിലെ സവർണ്ണ നായകനായ 'നമ്പൂതിരി' കുറെക്കൂടി തുറന്നു സംസാരിക്കുന്നു. ഭൂപരിഷ്കാരം, സംവരണം തുടങ്ങിയ പീഡനങ്ങളേററു വാങ്ങുന്ന നമ്പൂതിരി (മോഹൻലാൽ) ചൂഷണം, തട്ടിപ്പ്, ആക്രമണം എന്നിവയ്ക്കൊക്കെ ഇരയായശേഷം ഗത്യന്തരമില്ലാതെ തിരിച്ചടിക്കുന്നു. തനിക്കെതിരെ (തന്നിലെ നമ്പൂതിരിക്കെതിരെ) ഉയർന്ന എല്ലാ ശക്തികളെയും ഒററയ്ക്ക് ആക്രമിച്ച് കീഴടക്കുന്നു ആര്യനായ നമ്പൂതിരി. സംവരണത്തെ തുറന്നുതന്നെ അപഹസിക്കുന്നുണ്ട് ഇദ്ദേഹം. തന്നെ ആക്രമിക്കുന്ന പട്ടികജാതിക്കാരനായ പൊലീസ് ഇൻസ്പെക്ടറെ നോക്കി അയാളുടെ 'ജാതി കോംപ്ളെക്സി'നെപ്പററി അപഹസിക്കുന്നു നമ്പൂതിരി. (നമ്മുടെ ഇടത്തരം സവർണ്ണരുടെ സ്ഥിരം മാനസികശാസ്ത്രാപഗ്രഥനം!) നാട്ടിൽ ജീവിക്കാനാവാതെ ബോംബെയിൽ അഭയം തേടുമ്പോഴും നമ്പൂതിരിയെ അധോലോകനായകരുടെ ആക്രമണത്തിന് ഇരയാക്കുന്നത് അയാളുടെ സവർണ്ണ ജാതിത്വ ചിഹ്നമായ 'പൂണുനൂലാ'ണ് എന്നത് ശ്രദ്ധേയമാണ്. ശത്രു ആകട്ടെ, മറുമതക്കാരനും! ഇവിടെയും വ്യവസ്ഥയുടെ രക്തസാക്ഷി മോഹൻലാൽ എന്ന നായകനല്ല, നായകന്റെ സവർണ്ണത്വമാണ്. മററു കഥാപാത്രങ്ങളെക്കൊണ്ട് സ്ഥിരമായി നമ്പൂരിച്ചനെന്ന് അഭിസംബോധന ചെയ്യിച്ച് ആ ചിഹ്നത്തെ ആവർത്തിച്ച് പ്രേക്ഷകമനസ്സിൽ അരക്കിട്ടുറപ്പിക്കുന്നുമുണ്ട് ചലച്ചിത്രകാരൻ.

'കിരീടം' തുടങ്ങിയ ഒട്ടേറെ മോഹൻലാൽ ചിത്രങ്ങൾക്കും സമാനമായ സ്വഭാവങ്ങളുണ്ട്. "ബ്രാഹ്മണന് പുണ്യാഹം തളിക്കാൻ മാത്രമല്ല, അടിച്ച് പല്ലു കൊഴിക്കാനുമറിയാമെന്ന്" വീമ്പിളക്കുന്ന കൃഷ്ണമൂർത്തിയെന്ന നായകന്റെ "വിയററ്നാം കോളനി"യെന്ന മോഹൻലാൽ ചിത്രവും ഈ വംശത്തിലെ ഏററവും പുതിയ കണ്ണികളിലൊന്നാണ്.

മററു ഭാഷകളിലും ഇത്തരം ചിത്രങ്ങൾ വന്നിരുന്നു. സംവരണത്തെ കഠിനമായി ആക്ഷേപിക്കുകയും സവർണ്ണത്വത്തെ മഹത്വവല്ക്കരിക്കുകയും ചെയ്ത ഒരു തമിഴ് ചിത്രം ഇടക്കാലത്ത് അവിടെ നിരോധിക്കുക പോലും ചെയ്തിരുന്നു.

ജാതി തീരെ അപ്രസക്തമായിരുന്ന കഥാപാത്രങ്ങളിൽനിന്നും കഥാപശ്ചാത്തലത്തിൽനിന്നും മാറി മലയാളസിനിമ ഇക്കഴിഞ്ഞ കാലങ്ങളിൽ തികച്ചും സവർണ്ണ ഹൈന്ദവ-ഫ്യൂഡൽ പശ്ചാത്തലമുള്ള പ്രമേയങ്ങളെയും കഥാപാത്രങ്ങളെയും ഏറിയ തോതിൽ ആശ്രയിച്ചുവരുന്നതും, ഗ്രാമീണവും നാടൻ ശൈലിയിലുള്ളതുമായിരുന്ന ചലച്ചിത്ര സംഗീതത്തിൽനിന്ന് മാറി കൂടുതൽ ശാസ്ത്രീയവും സംസ്കൃതവല്കൃതവുമായ സംഗീതം മേധാവിത്വം ചെലുത്തുന്നതുമായ സമീപകാല പ്രതിഭാസങ്ങളും ഈ അവസ്ഥയിൽ പഠനവിധേയമാക്കേണ്ടതാണ്.

[1] Sudhir Kakar (Cinema as Collective Fantasy: Indian Cinema Super Bazar Ed: Aruna Vasudev. Philippe Lenglet, Vikas Publications)

[2] Reghunath Raina—The Context: A Socio-cultural anatomy (Indian Cinema Super Bazar)


**അടിമ ഗർജ്ജനം**
കേരള ചരിത്രം അവഗണിച്ച
അടിസ്ഥാന
വർഗ്ഗക്കാരുടെ സമരഗാഥ
രചന:
തെക്കുംഭാഗം മോഹൻ
അവതാരിക:
സി. അച്ചുതമേനോൻ
22/-രൂപ M.O. അയക്കുക.
**C.I.C.C. BOOK HOUSE**
**PRESS CLUB ROAD,**
**ERNAKULAM.**
**PHONE:353557**



രാധാകൃഷ്ണൻ എം.ജി

ദംഷ്ട്രയും നെറ്റിക്കണ്ണും തെളിയുമ്പോൾ - 5

# നരസിംഹ മന്നാടിയാരും ഡോ. കലിഗരിയും

എല്ലാ മറകളും നീക്കി ഫാസിസം അന്യമതസ്ഥൻെറ ആരാധനാലയം തകർക്കുന്ന വിധത്തിൽ ദംഷ്ട്രയും നെററിക്കണ്ണും പ്രദർശിപ്പിച്ച 1992 അവസാനമാകുമ്പോഴേക്കും ഏതാണ്ട് ഒരു കണ്ണാടി പിടിച്ച മട്ടിൽ ഇന്ത്യൻ കമ്പോള സിനിമയിലും അതിൻെറ പ്രതിഫലനം കാണിച്ചു എന്നത് വിസ്മയകരമായ വസ്തുതയാണ്. കമ്പോള സിനിമയിലെ ഫാസിസം രാഷ്ട്രീയ തലത്തിലെ ഫാസിസത്തോടൊപ്പം ചുവടുവച്ചാണ് വന്നതെന്ന് നാം കണ്ടു. തുടക്കത്തിൽ മതവും ജാതികളും വ്യക്തമല്ലാത്ത ഫാസിസത്തിൻെറ കാലം, പിന്നീട് സവർണ്ണമുഖം കാണിച്ച ഫാസിസം, എന്നിവ കഴിഞ്ഞ് മൂന്നാംഘട്ടമാകുമ്പോൾ ശത്രു മുസ്ലിം തന്നെയാണെന്ന് വിളിച്ചുപറയുന്ന ഫാസിസം. രാഷ്ട്രീയതലത്തിൽ ഇതേ ഘട്ടങ്ങളിലൂടെ കടന്നുവന്ന ഫാസിസം കമ്പോള സിനിമയിലും ഇതേ ഘട്ടങ്ങളിലൂടെ തന്നെയാണ് മുന്നേറുന്നത്. ബാബ്റി മസ്ജിദ് പൊളിക്കുന്ന മൂന്നാം ഘട്ടത്തിൽ ഇറങ്ങിയ സിനിമകൾ നോക്കാം.

തമിഴിലെ സൂപ്പർ ഹിററ് സംവിധായകനായ മണിരത്നത്തിൻെറ 'റോജ' ഒരുദാഹരണം. കാശ്മീരിലെ ഭീകരവാദത്തിനെതിരെ എന്ന മട്ടിലിറക്കിയ ഈ ചിത്രം ഫാസിസത്തിന് പ്രിയങ്കരമായ അമിത ദേശീയതയുടെ ആഘോഷമാണെന്നു മാത്രമല്ല, വ്യക്തമായ മുസ്ലിം വിരുദ്ധ സ്വഭാവവും പ്രദർശിപ്പിക്കുന്നു. റോജയിലെ വില്ലന്മാർ ഭീകരവാദികളും. സ്ഥലം കാശ്മീരുമായതിനാൽ ദുഷ്ട കഥാപാത്രങ്ങൾ മുസ്ലീങ്ങളായിപ്പോയതാണെന്ന് വാദിക്കാം. പക്ഷേ, ചിത്രത്തിൻെറ പ്രത്യക്ഷ പാഠത്തിനപ്പുറത്തു നോക്കി വായിച്ചാൽ മനസ്സിലാകുന്നത് ഇതിലെ യഥാർത്ഥ വില്ലന്മാർ ഭീകരവാദികളല്ല, മുസ്ലീങ്ങൾ തന്നെയാണെന്നതാണ്. ദുഷ്ടതയുടെ മുഖങ്ങൾക്ക് വളരെ ആസൂത്രിതമായിത്തന്നെ ഇസ്ലാം മതചിഹ്നങ്ങളാണ് നല്കിയിരിക്കുന്നത്. ഭീകരവാദികളുടെ ഷോട്ടുകൾക്കിടയിൽ പശ്ചാത്തലദൃശ്യങ്ങൾപോലെ ആവർത്തിച്ചുകാണിക്കുന്ന നിസ്കാര ദൃശ്യങ്ങളും, ശബ്ദരേഖയിൽ ഉയർന്നുപൊങ്ങുന്ന വാങ്ക് വിളിയും ഉൾപ്പെടുത്തിയിരിക്കുന്നത് യാദൃച്ഛികമല്ല. ചിഹ്നങ്ങൾകൊണ്ടുള്ള ബുദ്ധിപൂർവമായ കളിയാണിവിടെ കാണുന്നത്. ദുഷ്ടതയുടെ പര്യായമായി പ്രേക്ഷക മനസ്സിൽ ഇസ്ലാം ചിഹ്നങ്ങൾ കടന്നുവരാൻ വഴി എളുപ്പമാക്കിയിരിക്കുകയാണിവിടെ. ഈ ചിത്രത്തിന് ദേശീയോദ്ഗ്രഥനത്തിനുള്ള ദേശീയ അവാർഡ് കൂടി നല്കിയത് ദേശീയോദ്ഗ്രഥനത്തെക്കുറിച്ചുള്ള ഹിന്ദുത്വ വ്യാഖ്യാനങ്ങളുടെ ഔദ്യോഗിക അംഗീകാരം തന്നെയായി.


പക്ഷേ, ഇസ്ലാം വിരോധത്തിൽ റോജയെ ബഹുദൂരം പിന്നിലാക്കുന്ന ഒരു ചിത്രം മലയാളത്തിൽ ഇറങ്ങി–ധ്രുവം. ബാബ്റി മസ്ജിദ് തകർത്ത ഡിസംബറിൽത്തന്നെ റിലീസ് ചെയ്ത ഈ ചിത്രം നഗ്നമായ വർഗ്ഗീയതയുടെ ഉദ്ഘോഷണം തന്നെയാണ്

ധ്രുവത്തിൽ നന്മയും തിന്മയും സുവ്യക്തമായി വേർതിരിക്കപ്പെട്ടിരിക്കുന്നു. നന്മയുടെ പ്രതീകം സവർണ്ണനും നാടുവാഴിയുമായ ഹിന്ദു. തിന്മയെന്നാൽ ഒന്നൊഴിയാതെ എല്ലാവരും മുസ്ലിംമതക്കാരായ അക്രമി സംഘം. 'റോജ'യിൽ കാശ്മീരെന്നും ഭീകര പ്രവർത്തകരെന്നും ചില ഒഴികഴിവുകൾ ഉണ്ടായിരുന്നുവെങ്കിൽ, ഡിസംബർ ആറിൻെറ സന്തതിക്ക് അനുയോജ്യമായ വിധത്തിൽ ധ്രുവത്തിൽ എല്ലാ മറകളും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഏത് ദേശത്തും ഏത് കാലത്തും നടക്കുന്ന മട്ടിലുള്ള കഥ. എല്ലാം തികഞ്ഞ സമ്പൂർണ്ണ സവർണ്ണ ഹിന്ദു ആണ് ധ്രുവത്തിലെ നായകൻ നരസിംഹ മന്നാടിയാർ. പേരുപോലെതന്നെ രൂപത്തിലും ഭാവത്തിലും

---

കാണുന്ന കരിമ്പനകളും വയലുകളും ഇളം നീലയാകയാൽ കടലിനെ പെട്ടെന്നോർമ്മിപ്പിക്കുന്നു. അതോടൊപ്പം സ്പേസിലെ ആ വസ്തുക്കളുടെ അകലം കൂടുതൽ സംവേദനക്ഷമമാർന്നു വരുന്നു.

''ജനാലകളും വാതിലുകളും നിർമ്മിക്കുമ്പോഴും, അവയ്ക്കിടയിൽ വരുന്ന ശൂന്യസ്ഥലികളെയാണ് യഥാർത്ഥത്തിൽ നാം വീടായി ഉപയോഗിക്കുന്നത്'' എന്ന സെൻ കവിതയാണ്, മുരളി ചിത്രപ്രദർശനത്തെക്കുറിച്ചു ബ്രോഷറിൽ എടുത്തു കൊടുത്തിരിക്കുന്നത്. അത് ഈ ചിത്രങ്ങളുടെ അന്തഃസാരത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. ക്യാൻവാസിൽ നിറങ്ങൾക്കും രൂപങ്ങൾക്കും ശേഷമുള്ള ആ സ്പേസ് ഉണ്ടല്ലോ, അതാണ് മുരളിയുടെ ചിത്രങ്ങൾ. ഏതോ അവ്യക്തമായ ഒരു



പ്രകൃതിയുമായി സല്ലാപം

സിംഫണി ഈ ചിത്രകാരൻെറ ചില ചിത്രങ്ങളിലെങ്കിലും നമുക്ക് തിരിച്ചറിയാനാവുന്നതും അതുകൊണ്ടുതന്നെയാണ്. ആദ്യകാല പ്രകൃതിദൃശ്യങ്ങൾ വരയ്ക്കുമ്പോഴുണ്ടായിരുന്ന ആഹ്ളാദത്തിനപ്പുറം ഇപ്പോൾ നിർവചിക്കാൻ കഴിയാത്ത ഒരു സംഘർഷം കൂടി ചിത്രരചനയിലേർപ്പെടുമ്പോൾ താനനുഭവിക്കുക്കുന്നുണ്ടെന്ന് മുരളി പറയുന്നു. അതെന്തായാലും, അനന്തതയെ വർണ്ണങ്ങളും രൂപങ്ങളും, രേഖകളും കൊണ്ട് നേരിടാനൊരുങ്ങുന്ന കലാകാരൻെറ ആത്മഭാവങ്ങൾ, ആദ്യത്തെ ചുവടുകൾ അവയാണ്, മുരളിയുടെ പുതിയ ചിത്രങ്ങൾ.

ഉള്ള മന്നാടിയാരുടെ സവർണ്ണഹിന്ദുത്വം ചിത്രത്തിൽ ഉടനീളം ആവർത്തിച്ച് പുണ്ടിക്കാട്ടിയിട്ടുണ്ട്. നെററിയിൽ ബുള്ളറ്റ്ഹോൾ മോഡലിൽ വലിയ കുങ്കുമതിലകം. മാറിൽ പൂണൂലും, രുദ്രാക്ഷം തുടങ്ങിയ ഹിന്ദുത്വ ചിഹ്നങ്ങളടങ്ങിയ മാലകൾ വിളങ്ങുന്ന നഗ്നമായ മാറിടം. കസവു വസ്ത്രം, സവർണ്ണമായാഭരണങ്ങൾ. വായിൽ നിറഞ്ഞ താംബൂലം തുടങ്ങിയവ വേറെ. കടുത്ത ഈശ്വരഭക്തനായ മന്നാടിയാരുടെ ഹൈന്ദവ മതാചാരാനുഷ്ഠാനങ്ങളും പലകുറി ആവർത്തിച്ചിട്ടുണ്ട്. എന്നിട്ടും പോരെങ്കിൽ മന്നാടിയാരുടെ വാചകങ്ങൾ (''ഞാൻ വൈശ്യനോ, ശൂദ്രനോ അല്ല, ക്ഷത്രിയനാണ് ക്ഷത്രിയൻ!'') പ്രജകളെ രക്ഷിക്കാനും ശിക്ഷിക്കാനും ഒക്കെ അധികാരമുള്ള മന്നാടിയാർ കൊല്ലിനും കൊലയ്ക്കും ശക്തിയുള്ളവനെങ്കിലും ആശ്രയവും ആലംബവുമില്ലാത്തവർക്ക് അഭയവും നല്കുന്ന നാടുവാഴിയാണ്. (benevolent despot-തികഞ്ഞ ഫാസിസ്റ്റ് രൂപം.)

ഇനി ദുഷ്ട കഥാപാത്രങ്ങളെക്കുറിച്ച്. മുട്ടിന് മുട്ടിന് ബീഭത്സമായ പാതകങ്ങൾ സ്ഥിരം തൊഴിലാക്കി നടക്കുന്ന ഒരു അക്രമിസംഘം. സംഘത്തിൽ ഒന്നൊഴിയാതെ എല്ലാവരും മുസ്‌ലിങ്ങൾ. (ഇന്ത്യൻ സിനിമയിൽതന്നെ ഇതാദ്യമായിരിക്കും ഒരു വില്ലൻ സംഘത്തിലെല്ലാവരും ഒരേ മതക്കാരാകുന്നത്!) ഈ സംഘത്തിന്റെ നായകനാണ് ഹൈദർ മരയ്ക്കാർ. മരയ്ക്കാരുടെ രൂപവും ഭാവവും അടിമുടി ഈയിടെ വാർത്തകളിൽ സ്ഥലം പിടിച്ച മുസ്‌ലിം തീവ്രവാദിനേതാവ് അബ്ദുനാസർ മഅദനിയുടെ തൽസ്വരൂപത്തിൽ രൂപപ്പെടുത്തിയതാണ്. രൂപത്തിലും ഭാവത്തിലും (മുറിച്ച കാലിന്റെ കാര്യത്തിൽപ്പോലും) ഉള്ള സാമ്യതകൾ പ്രേക്ഷകൻ ശ്രദ്ധിക്കാതെ പോകരുതെന്ന് ചലച്ചിത്ര സ്രഷ്ടാക്കൾക്ക് നിർബന്ധമുണ്ട്. സംഘത്തിലെ അംഗങ്ങൾ പരസ്പരം ആവർത്തിച്ച് അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന മുസ്‌ലിം പേരുകൾ ഈ നിർബന്ധത്തിന്റെ തെളിവാണ്. പേരുകൾകൊണ്ട് ശ്രദ്ധിച്ചില്ലെങ്കിൽ ദൃശ്യത്തിലൂടെയും ഇത് അരക്കിട്ടുറപ്പിച്ചിരിക്കുന്നു. പല അംഗങ്ങൾക്കും മുസ്‌ലിം മതവേഷം തന്നെയാണ്. തലയിൽ തൊപ്പി, വട്ടത്താടി, പത്ഥാൻ സ്യൂട്ട്.

നാട്ടിലെ എല്ലാ അക്രമങ്ങൾക്കും തിരികൊളുത്തുന്നത് ഈ സംഘമാണ്. മഅദനിയുടെ രൂപത്തിൽ വില്ലനെ കൊത്തിയെടുത്തെങ്കിലും, യഥാർത്ഥ മഅദനിയുടേതായി ദുഷ്ടവൃത്തികൾ വേണ്ടത്ര ലഭിക്കാതിരുന്നതിനാലാകാം ധ്രുവത്തിലെ മഅദനിയുടെ ക്രൂരത അവതരിപ്പിക്കുമ്പോൾ തിരക്കഥാകാരന്റെ ഭാവന ചിറകുവിടർത്തുന്നു. യഥാർത്ഥ മഅദനിയുടെ കാൽമുറിക്കുന്നത് അയാൾക്ക് നേരെയുണ്ടായ ആക്രമണം മൂലമുണ്ടായ പരിക്കിനെത്തുടർന്നാണെങ്കിൽ, ധ്രുവത്തിലെ വില്ലനുനേരെ അത്രയെങ്കിലും ഒരു ആക്രമം വകവച്ചുകൊടുക്കാൻ ചലച്ചിത്ര സ്രഷ്ടാക്കൾ തയ്യാറാകുന്നില്ല. ധ്രുവത്തിലെ വില്ലൻ തന്റെ കാൽ മുറിക്കുന്നത്, സ്വന്തം ഇഷ്ടപ്രകാരമാണ്.

കാൽ മുറിക്കുന്നതോടെ വികലാംഗനാകുന്നതിനാൽ വികലാംഗവർഷമായതിനാൽ ഗവൺമെൻറ് കുററവിമുക്തനാക്കുമെന്ന മരയ്ക്കാറുടെ ഭീകരമായ ദുഷ്ടബുദ്ധിയിലുദിച്ച തകർപ്പൻ ഐഡിയയാണ് അയാളെ ഇതിന് പ്രേരിപ്പിക്കുന്നതത്രേ!

ഹിന്ദുവിന് ഏററവും ഉൽക്കടമായ വികാരവിക്ഷോഭം ഉണ്ടാക്കാൻ കഴിയുന്ന ചിഹ്നങ്ങൾ തന്നെ പലയിടത്തും ഉപയോഗിച്ചിരിക്കുന്നു. പൊലീസ് ഇൻസ്പെക്ടറായ മാരാരുടെ മകനെയും മന്നാടിയാരുടെ അനന്ദനെയും ഹൈദരും സംഘവും ദാരുണമായി കൊലപ്പെടുത്തുന്നു. അതുകഴിഞ്ഞ് മാരാരുടെ വീട്ടിൽ കടന്നുകയറുന്ന ഹൈദർ ''ഗംഗയിൽ നിമജ്ജനം ചെയ്യാൻ സൂക്ഷിച്ചിരുന്ന ചിതാഭസ്മകലശം'' എറിഞ്ഞുടയ്ക്കുകയാണ്. കത്തുന്ന നിലവിളക്കിനടുത്ത് ചെമ്പട്ടുകൊണ്ട് മൂടി സൂക്ഷിച്ചിരിക്കുന്ന ചിതാഭസ്മകലശം. തികഞ്ഞ ഹൈന്ദവ ചിഹ്നങ്ങൾ വഹിക്കുന്ന ഈ കലശം കൈക്കലാക്കുന്ന ഹൈദറിന്റെ വട്ടത്താടിയും മററും ഉള്ള 'മുസ്‌ലിം' മുഖത്തിന്റെ ക്ളോസപ്പ്. രണ്ട് വിരുദ്ധ ശക്തികളുടെ പരസ്പര വിരുദ്ധഭാവം ബോധപൂർവം സൂചിപ്പിക്കുന്ന ഷോട്ട്. മരണാനന്തര ചടങ്ങുകൾക്ക് അതിപവിത്രത നല്കുന്ന ഹിന്ദുവിന് വികാരതീവ്രത ഉളവാക്കാൻ കഴിയുന്ന ഈ ചിതാഭസ്മകലശം ഹൈദർ മലിനമായ വാഷ്ബേസിനിൽ എറിഞ്ഞുടയ്ക്കുന്ന ക്ളൈമാക്സ് ഷോട്ടാണ് പിന്നാലെ വരുന്നത്. തട്ടിമറിഞ്ഞുവീഴുന്ന നിലവിളക്കിന്റെയും മറിയുന്ന തിരിനാളത്തിന്റെയും ഒക്കെ ദൃശ്യങ്ങൾ. എത്ര ബുദ്ധിപൂർവമായാണ് ഹിന്ദുവിനു നേരെയുള്ള മുസ്‌ലിമിന്റെ ഈ 'ഭീകരാക്രമണ ദൃശ്യം' തയ്യാറാക്കിയിരിക്കുന്നതെന്നോ! അഭിമാനക്ഷതത്തിൽ പിടയുന്ന ഹിന്ദുവിന്റെ ചോര ത്രസിച്ചില്ലെങ്കിൽ അത് മുതപ്പെട്ടുപോകില്ലേ?

ഇപ്പറഞ്ഞ ദൃശ്യാത്മക സൂചനകൾ ഒന്നും പോരെങ്കിൽ ശബ്ദത്തിലൂടെയും ഈ ആക്രമണത്തിന്റെ ഹീനസ്വഭാവം വെളിപ്പെടുത്തുന്നു. പ്രതികാരാഗ്നിയിൽ തിളച്ചുകൊണ്ട് മന്നാടിയാർ ആക്രോശിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക: ''ഗംഗയിൽ ചിതാഭസ്മം നിമജ്ജനം ചെയ്യുന്നതിന്റെ പ്രാധാന്യമൊക്കെ നിനക്കെന്തറിയാൻ!''

ഇത്രയും നഗ്നമായ വർഗ്ഗീയ വിദ്വേഷം പ്രചരിപ്പിക്കുന്ന ഒരു സിനിമ ഇന്ത്യയിൽ ഇതുവരെ ഉണ്ടായിട്ടില്ല. 92 ഡിസംബറിൽ റിലീസ് ചെയ്യാൻ ഇത്രയും പററിയ ചിത്രം ഇല്ല.

അനീതിയെ അമർച്ച ചെയ്യുന്ന മന്നാടിയാരുടെ പേര് ''നരസിംഹ''മെന്നായതും അദ്ദേഹത്തിന്റെ ഏററവും വലിയ സഹായി ''മാരാർ'' ആയതും ഒക്കെ കൗതുകകരമായ മററ് പാർശ്വവൃത്താന്തങ്ങളാണ്. ചലച്ചിത്രത്തിന്റെ സ്രഷ്ടാക്കൾ സോദ്ദേശത്തോടെ ചെയ്തതാണെങ്കിലും ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥയിലെ കള്ളക്കളികളെക്കുറിച്ചും, ഫാസിസത്തിന് യഥാർത്ഥത്തിൽ വളംവച്ചുകൊടുക്കുന്ന ഭരണവർഗ്ഗത്തിന്റെ മുഖത്തെക്കുറിച്ചും ഒക്കെയുള്ള ആരോപണങ്ങൾ ഓർത്തുനോക്കാൻ രസകരമാണ്. (മുഖ്യമന്ത്രി കരുണാകരൻ, മന്ത്രിമാരായ പന്തളം സുധാകരൻ, എം.വി.രാഘവൻ എന്നിവർക്ക് നിർമ്മാതാക്കൾ നന്ദി പ്രകടിപ്പിച്ചിട്ടുമുണ്ട്.)

വ്യവസ്ഥയെ അട്ടിമറിക്കുന്ന അതിമാനുഷന്റെ ചിത്രങ്ങളിൽ മുമ്പ് പരാമർശിച്ച പല ചിത്രങ്ങൾക്കും തിരക്കഥാകൃത്തും (എസ്.എൻ.സ്വാമി) സംവിധായകനും (ജോഷി) തന്നെയാണ് ധ്രുവത്തിന്റെ പിന്നിലും പ്രവർത്തിച്ചതെന്നറിയുമ്പോൾ സയുക്തികമായ ഒരു വളർച്ച ഇവരിൽ ദർശിക്കുകയും ചെയ്യാം.

റോജയുടെയും ധ്രുവത്തിന്റെയും ചുവടുപിന്തുടർന്ന് ഇനി പല ചിത്രങ്ങളിലും വില്ലനായ മുസ്‌ലിമിനെ കാണാൻ കഴിഞ്ഞേക്കും. ബോംബെ സ്ഫോടനത്തിന്റെയും ഒക്കെ മാധ്യമക്കഥകളിൽ ഇത്തരത്തിൽ ബോധപൂർവമെന്ന് തോന്നിക്കുന്ന ഒരു പ്രചാരണം കാണുന്നുമുണ്ട്. കഥാപാത്രങ്ങളിലെ ''സ്ററീരിയോ ടൈപ്പു''കളുടെ (വാർപ്പുമാതൃക) സൃഷ്ടിക്കു പിന്നിൽ പ്രവർത്തിക്കുന്ന സമൂഹത്തിന്റെ ഉപബോധതലത്തിലെ മൂല്യങ്ങളെക്കുറിച്ച് ഈ സ്ഥിതി വെളിച്ചം വീശുന്നു. സഹിഷ്ണുതയുടെയും സൗഹാർദ്ദത്തിന്റെയും ഒക്കെ മൂല്യങ്ങൾക്ക് ശക്തി ഉണ്ടായിരുന്ന നാളുകളിൽ നമ്മുടെ സാഹിത്യ-നാടക-സിനിമാ രൂപങ്ങളിൽ ആവർത്തിച്ചു കണ്ട ഒരു സ്ററീരിയോ ടൈപ്പായിരുന്നു ''നല്ലവനായ മുസ്‌ലിം സഹോദരൻ.'' ഈ മൂല്യങ്ങൾക്കൊക്കെ തളർച്ച നേരിടുന്ന വർത്തമാനകാലത്ത് സ്ഥിതി നേരെ തിരിഞ്ഞു കഴിഞ്ഞു. പൂർണ്ണമായും കറുപ്പുനിറമാർന്ന തനി ദുഷ്ടനായ മുസ്‌ലിം സ്ററീരിയോ ടൈപ്പാവുകയാണ്.

ജനതയുടെ നിഗൂഢമായ ആശയാഭിലാഷങ്ങളുടെ സാക്ഷാത്കാരമാണ് സിനിമയെന്ന് നേരത്തെ പരാമർശിച്ചുവല്ലോ. വരാൻപോകുന്ന ഒരു സമഗ്രാധിപത്യ വ്യവസ്ഥയുടെ സൂചനകളാണോ ഇന്ത്യൻ കമ്പോളസിനിമ നല്കുന്നതെന്ന് ന്യായമായും സംശയിക്കേണ്ടിയിരി


പ്രസിദ്ധീകരിച്ചു

കലയും
ആവിഷ്കാരവും

ഗുരു നിത്യചൈതന്യയതി
യുടെ മറ്റൊരു മാസ്റ്റർപീസ്

വില: 40 MO/DD അയയ്ക്കുക.
VP ആവശ്യപ്പെടുക.

ഇംപ്രിൻറ് ബുക്സ്
വിമൻസ് കോളേജ് ജംഗ്ഷൻ,
പി.ബി. 348, കൊല്ലം—691 001.

ക്കുന്നു. പിന്നാലെ വന്ന ഫാസിസത്തെ മുൻകൂട്ടി അറിയിച്ചുകൊണ്ട് സിനിമകൾ ഉണ്ടായ ചരിത്രം ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. 1920-കളിലിറങ്ങിയ ജർമ്മൻ സിനിമകളിൽ പിന്നാലെ വന്ന ഫാസിസത്തിന്റെ ബീജങ്ങൾ വ്യക്തമായിരുന്നു എന്ന് പ്രശസ്ത ചലച്ചിത്ര സൈദ്ധാന്തികൻ സിഗ്ഫ്രീസ് ക്രക്കോയർ ചൂണ്ടിക്കാട്ടിയത് നാം ഞെട്ടലോടെയാണ് ഓർക്കുക. ജർമ്മൻ സിനിമയുടെതന്നെ സുവർണ്ണകാലമായി കരുതപ്പെടുന്ന ഈ കാലഘട്ടത്തിലെ പ്രശസ്ത ചിത്രങ്ങളിൽ പലതും ഹിറ്റ്ലറെപ്പോലെയൊരു സമഗ്രാധിപതിയുടെ ആവിർഭാവത്തിന്റെ സൂചനകൾ നല്കുന്നു എന്നാണ് 'ഫ്രം കലിഗരി ടു ഹിറ്റ്ലർ' എന്ന ഗ്രന്ഥത്തിൽ (1959) ക്രക്കോയർ പറയുന്നത്. റോബർട്ട് വീൻ സംവിധാനം ചെയ്ത സുപ്രസിദ്ധമായ നിശ്ശബ്ദ ചിത്രമായ ''ദി കാബിനറ്റ് ഓഫ് ഡോ.കലിഗരി'' (1920), ഫ്രിറ്റ്സ് ലാങ് സംവിധാനം ചെയ്ത ഡെസ്റ്റിനി (1921), ഡോ.മബൂസെ (1922), സ്പൈസ് (1928), എം (1931), മെട്രോപൊളിസ് (1926), എഫ്.എം.മുർനോയുടെ 'നോസ്ഫെറാറ്റു (1922) എന്നീ ചിത്രങ്ങളൊക്കെയാണ് ഫാസിസത്തിന്റെ കാഹളമൂതിയ ചിത്രങ്ങളെന്ന് ക്രക്കോയർ ചൂണ്ടിക്കാട്ടുന്നുണ്ട്. തന്റെ ഹിപ്നോട്ടിക് ശക്തികൊണ്ട് മനുഷ്യമനസ്സുകളെ കൈയിലെ കളിപ്പാവയെപ്പോലെ മെരുക്കുന്ന അതിമാനുഷനാണ് കാബിനറ്റ് ഓഫ് കലിഗരിയിലെ നായകൻ ഡോ.കലിഗരി. ജനതയുടെ മനസ്സിനെയാകെ തന്നിഷ്ടത്തിന് പാകപ്പെടുത്തിയ ഹിറ്റ്ലറിന്റെ 'മുൻഗാമി.' അതിനാലാണ് ക്രക്കോയറിന്റെ പുസ്തകത്തിന്റെ പേര് 'കലിഗരിയിൽ നിന്ന് ഹിറ്റ്ലറിലേക്ക്' എന്നാക്കിയത്. മേൽ പരാമർശിച്ച മറ്റ് ചിത്രങ്ങളിലെ നായകരും ഇതുപോലെയൊക്കെയുള്ള അതിമാനുഷ ശക്തിയുള്ളവരായിരുന്നു.

ഫ്രിറ്റ്സ്ലാങ്ങിന്റെ 'മെട്രോപൊളിസ്' (1926) ആകട്ടെ, ഹിറ്റ്ലറിന് ഏറ്റവും ഇഷ്ടപ്പെട്ട ചിത്രങ്ങളിലൊന്നുമായിരുന്നു. അർദ്ധജൂതൻപോലുമായിട്ടും ഫ്രിറ്റ്സ്ലാങ്ങിനെ ഹിറ്റ്ലർ അധികാരമേറിയശേഷം നാത്സിസത്തിനുവേണ്ടി പ്രചാരണ ചിത്രങ്ങളെടുക്കാൻ ക്ഷണിച്ചു. ജനങ്ങളെ സ്വന്തമായി യാതൊരു ചിന്താശക്തിയുമില്ലാത്ത ഏതൊരു ശക്തനും ഉപയോഗിക്കാവുന്ന അച്ചടക്കമുള്ള വെറും ആൾക്കൂട്ടങ്ങളായി ചിത്രീകരിക്കുന്ന ചിത്രമാണ് മെട്രോപൊളിസ്. എന്നാൽ ജനത്തെ ഈ അചേതന സംഘങ്ങളായി ചിത്രീകരിച്ചതിന്റെ പിന്നിലെ ആശയത്തിന്റെ യഥാർത്ഥ ഉടമ, തിരക്കഥയെഴുതിയ തിയഹോൺ ഹാർബുവിന്റേതായിരുന്നു എന്നാണ് ചലച്ചിത്ര പണ്ഡിതനായ ജറാൾഡ് മാസ്റ്റ് രേഖപ്പെടുത്തിയിരിക്കുന്നത്. (A short history of the Movies) ഫ്രിറ്റ്സ്ലാങ്ങിന്റെ ഭാര്യയായിരുന്നു തിയഹോൺ ഹാർബു. ഇടതുപക്ഷ വിശ്വാസിയായിരുന്ന ലാങ് ഹിറ്റ്ലറുടെ ക്ഷണം നിരസിച്ച് ജർമ്മനി വിട്ടുപോയതിനെത്തുടർന്ന് നാത്സി ചിത്രങ്ങളെടുക്കാൻ ഹിറ്റ്ലറൊടൊപ്പം കൂടിയവളാണ് തിയ. ജനതയെ ആട്ടിൻപറ്റങ്ങളെപ്പോലെ നയിച്ചുകൊണ്ടുപോകുന്ന ഒരു സ്വേച്ഛാധിപതിയാണ് ജർമ്മനിയുടെ രക്ഷാമാർഗ്ഗമെന്ന് മെട്രോപൊളിസ് പറയുന്നതായി ജറാൾഡ് മാസ്റ്റ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

നേരിട്ട് കണ്ടുപോയാൽ ദൃഷ്ടാവ് ഭയന്നു മരിക്കുന്ന ഒരു രാക്ഷസനെ (ഗോർഗൺ മെഡൂസ) പ്രതിഫലനത്തിലൂടെ കാണാൻ ഗ്രീക്ക് മിത്തോളജിയിലെ വിജ്ഞാനദേവത അഥേന പെഴ്സിയൂസിന് നല്കുന്ന കണ്ണാടിയായി ക്രക്കോയർ സിനിമയെ വിശേഷിപ്പിക്കുന്നു. ഭീകര യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടി. എല്ലാ അർത്ഥത്തിലും ഭീകരമായിത്തീർന്നിരിക്കുന്ന ഇന്ത്യൻ യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി

> രണ്ടാം ലോകമഹായുദ്ധത്തിന് മുമ്പെന്നപോലെ ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണി ഫാസിസം തന്നെയാണ്. രണ്ടാം ലോകമഹായുദ്ധം ഇന്ത്യയെ നേരിട്ട് ബാധിച്ചില്ല. പക്ഷേ പുതിയ ഫാസിസം ഇന്ത്യയെയും വിഴുങ്ങാൻ പൂർണ്ണ തയ്യാറെടുപ്പിൽ തന്നെയാണ് എന്ന് മറക്കാതിരിക്കുക.

[redacted]

ഇന്ന് ഇന്ത്യൻ കമ്പോള സിനിമയെയും കാണാം.

## ആഗോളപ്രതിഭാസം

1970-കളിലാരംഭിച്ച് ഇപ്പോൾ ഏറ്റവും വഷളായി നില്ക്കുന്ന ഇന്ത്യയിലെ വർഗ്ഗീയ സംഘട്ടനങ്ങളും, ഫാസിസത്തിന്റെ ഉയർച്ചയും കൃത്യമായ ഒരു ''പാറ്റേൺ'' അനുസരിക്കുന്നുവെന്ന് നാം കണ്ടു. പക്ഷേ, ആഗോളതലത്തിൽ ഇതേ കാലഘട്ടത്തിൽ ഏതാണ്ടിതേ 'പാറ്റേണി'ലുള്ള സംഭവവികാസങ്ങൾ വിവിധ രാഷ്ട്രങ്ങളിൽ ദൃശ്യമായിട്ടുണ്ടെന്നതും ശ്രദ്ധിക്കേണ്ടതാണ്. ആധുനികകാലത്ത് വംശീയ സ്പർദ്ധ, മത മൗലികവാദത്തിന്റെ വളർച്ച എന്നത് ഇന്നത്തെപ്പോലെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഭൂഗോളതലത്തിൽ സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും മാത്രമല്ല, പശ്ചിമയൂറോപ്പിലും ബ്രിട്ടനിലും ഒക്കെ സോഷ്യലിസത്തിനുണ്ടായ തകർച്ച, 70-കളുടെ അന്ത്യം മുതൽതന്നെ അമേരിക്കയിൽ റൊണാൾഡ് റെയ്ഗണും, ബ്രിട്ടനിൽ മാർഗററ്റ് താച്ചറും സാമ്പത്തികതലത്തിൽ മിൽട്ടൻ ഫ്രീഡ്മാൻ തുടങ്ങിയ ഷിക്കാഗോ സ്കൂൾ മോണിട്ടറിസ പ്രചാരകരുടെ നേതൃത്വത്തിൽ പ്രോത്സാഹനം ചെയ്ത് ലോകമാകെ പ്രചരിച്ച വലതുപക്ഷ സാമ്പത്തിക ശാസ്ത്രനയങ്ങൾ, ഇറാനിൽ ഖൊമേനി തുടക്കംകുറിച്ച് ഇസ്ലാമിക ലോകത്താകെ ഭീകരശക്തിയാർജ്ജിക്കുന്ന ഇസ്ലാം മൗലികവാദം, അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, വടക്കൻ അയർലണ്ട് തുടങ്ങിയ വികസിത രാജ്യങ്ങളിൽതന്നെ സമീപകാലത്ത് ഏറ്റവും ശക്തിയാർജ്ജിച്ച വംശീയ സംഘർഷം, യൂഗോസ്ലാവ്യ, മുൻ സോവിയറ്റ് യൂണിയൻ തുടങ്ങിയ ഇടങ്ങളിൽ ദിനംപ്രതി വഷളായി വരുന്ന വംശീയ സംഘട്ടനങ്ങൾ, ഇറ്റലിയിലും ജർമ്മനിയിലും ജനസമ്മതി നേടിയിരുന്ന നവനാത്സി പ്രസ്ഥാനങ്ങൾ എന്നിവയൊക്കെ ഇന്ത്യയിൽ ഫാസിസം ശക്തിപ്രാപിച്ച ഇതേ കാലഘട്ടത്തിൽ മറ്റ് രാജ്യങ്ങളിൽ ഉണ്ടായ സംഭവങ്ങളാണ്. ഇന്ത്യയിലെ പുതിയ അവസ്ഥയെ ഈ ആഗോള സ്ഥിതിയുമായി ബന്ധപ്പെടുത്തിത്തന്നെ കാണണം. ഇന്ത്യയിൽ ഹിന്ദുത്വവാദികൾ വളംവയ്ക്കുന്ന മൗലികവാദത്തിന്റെ പതിപ്പുകൾ തന്നെയാണ് നിറഭേദങ്ങളുടെ ഇസ്ലാം, ക്രിസ്തീയ, ജൂത പുനരുത്ഥാന വാദികളും ലോകത്തിന്റെ പലയിടങ്ങളിലും നടപ്പാക്കാൻ ശ്രമിക്കുന്നത്. ഹിന്ദുത്വവാദികൾ ഇസ്ലാം പ്രീണനത്തിന്റെ ഉപകരണമായി മതേതരത്വത്തെ ആക്ഷേപിക്കുന്നുണ്ടെങ്കിൽ ഇസ്ലാമിക ലോകത്ത് ഇസ്ലാം മൗലിക വാദികളെ ഏറ്റവും കടുത്ത വിമർശനത്തിന് പാത്രമാണത്രേ മതേതരത്വ സങ്കല്പം. അതാണ് ഇസ്ലാം മൗലികവാദികളുടെ വധഭീഷണി നേരിടുന്ന സൽമാൻ റുഷ്ദി കേംബ്രിഡ്ജിലെ കിങ്സ് ചാപ്പലിലെ യോഗത്തിൽ ഇങ്ങനെ പ്രസ്താവിക്കാൻ വഴിവച്ചത്.'' 'മതേതരത്വം' എന്ന വിശേഷണമാണ് ഇന്ന് ലോകത്തേറ്റവും വൃത്തികെട്ട പദമായി അപലപിക്കപ്പെടുന്നത്.''

എന്തായാലും രണ്ടാംലോക മഹായുദ്ധത്തിന് മുമ്പെന്നപോലെ ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണി 'ഫാസിസം' തന്നെയാണ്. രണ്ടാംലോക മഹായുദ്ധം ഇന്ത്യയെ നേരിട്ട് ബാധിച്ചില്ല. പക്ഷേ പുതിയ ഫാസിസം ഇന്ത്യയെയും വിഴുങ്ങാൻ പൂർണ്ണ തയ്യാറെടുപ്പിൽതന്നെയാണ് എന്ന് മറക്കാതിരിക്കുക. ഇന്ത്യൻ സമൂഹത്തിന്റെ വലിയൊരു വിഭാഗത്തിന്റെ സമ്മതി ഈ പുതിയ സമഗ്രാധിപത്യ പ്രവേശത്തിന് ലഭിച്ചുകഴിഞ്ഞു എന്നതാണ് ഏറ്റവും ഞെട്ടിപ്പിക്കുന്ന വസ്തുത. മൂല്യങ്ങളുടെ ലോകത്തെ വാഴ്വിന് വേണ്ടിയുള്ള പോരാട്ടത്തിൽ ജനാധിപത്യത്തിനു വേണ്ടി നിലകൊള്ളുന്ന പ്രസ്ഥാനങ്ങൾക്കും ആശയങ്ങൾക്കും ഇത് ചരിത്രത്തിലേറ്റവും വലിയ വെല്ലുവിളിയുടെ കാലഘട്ടമാണ്.

(അവസാനിച്ചു)